**പന്ത്രണ്ടാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**നിയമസഭാ നടപടികൾ സംഗ്രഹം**

2006 ജൂൺ 30, വെള്ളി

(ചോദ്യോത്തരങ്ങളൊഴികെ)

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) പി.എസ്.സി. മുഖാന്തിരമുള്ള നിയമനങ്ങളിലെ അപ്രഖ്യാപിത നിയമന നിരോധനം

ശ്രീ. കെ. സി. വേണുഗോപാൽ: സംസ്ഥാനത്ത് നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ തീരുമാനിച്ചതോടെ നിയമനങ്ങളിൽ അനിശ്ചിതാവസ്ഥയാണ് ഉണ്ടായിട്ടുള്ളത്. സമയാസമയങ്ങളിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതും പി.എസ്.സി.യുടെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്ന ക്രമക്കേടുകളുംകാരണം തൊഴിലില്ലാത്ത ചെറുപ്പക്കാർ ബുദ്ധിമുട്ടുകയാണ്. കഴിഞ്ഞ ഗവൺമെന്റ് നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും പി.എസ്.സി. ബോർഡ് യോഗം അത് അംഗീകരിക്കുകയുമുണ്ടായി. എന്നാൽ അതു സംബന്ധിച്ച് നാളിതുവരെയായിട്ടും

പി.എസ്.സി. ഉത്തരവ് ഇറക്കാത്തതുകാരണം 1500-ഓളം തസ്തികകളിൽ നിയമനം നടത്താൻ കഴിയാത്ത സ്ഥിതിയാണുണ്ടായിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ പി.എസ്.സി. ചെയർമാൻ ഇതു സംബന്ധിച്ച് അഭിപ്രായം ആരാഞ്ഞു എന്നാണ് പത്രമാധ്യമങ്ങളിലൂടെ മനസ്സി ലാക്കാൻ കഴിഞ്ഞത്. ഉദ്യോഗ നിയമനങ്ങളുടെ കാര്യത്തിൽ സർക്കാരിനെ ഉപദേശിക്കേണ്ട പി.എസ്.സി സർക്കാരിനോട് ഉപദേശം തേടുന്നതുകാരണം നിയമനങ്ങൾ അനന്തമായി നീണ്ടുപോകുകയാണ്. ഗവൺമെന്റ് ഉത്തരവ് നടപ്പിലാക്കിയാൽ ചില സമുദായങ്ങൾക്ക് കൂടുതൽ നഷ്ടം വരുമെന്ന് പി.എസ്.സി. ചെയർമാൻ കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് പ്രസ്താവന നടത്തുകയുണ്ടായി. സർക്കാർ പ്രഖ്യാപിക്കുന്ന തീരുമാനങ്ങളിൽ നടപടി സ്വീകരിക്കാതെ ഏറ്റുമുട്ടൽ നടത്തുന്നത് ഉചിതമല്ല. ബോധപൂർവ്വമായ അനാ സ്ഥയാണ് പി.എസ്.സി. യുടെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ ഉണ്ടായി ട്ടുള്ളത്. വാട്ടർ അതോറിറ്റി, കെ.എസ്.ആർ.ടി.സി., കെ.എസ്.ഇ.ബി. എന്നിവിടങ്ങളിൽ ഇരുന്നൂറോളം എ.ഇ.ഇ.മാരുടെ ഒഴിവുകളും വിദ്യാഭ്യാസ വകുപ്പിലും മറ്റ് വകുപ്പുകളിലുമായി ആയിരത്തിഅഞ്ഞൂറോളം ഒഴിവുകളും പി.എസ്.സി.യുടെ അനാസ്ഥമൂലം നികത്താതിരിക്കുകയാണ്. പി.എസ്.സി. യുമായി സംസാരിച്ച് പ്രശ്നം പരിഹരിച്ചുവെന്ന് മുഖ്യമന്ത്രി പറഞ്ഞെങ്കിലും ഇതു സംബന്ധിച്ച് ഉത്തരവ് ഇറങ്ങാത്തതുമൂലം നിയമനങ്ങൾ നടക്കാതിരി ക്കുകയാണ്. ഓരോ വർഷവും ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി. നികത്തിയില്ലെങ്കിൽ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ എണ്ണം ഇനിയും കൂടും. ഈ സാങ്കേതികത്വം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. പി. എസ്. സി. ചെയർമാനുമായി ബന്ധപ്പെട്ട് ഈ അനിശ്ചി താവസ്ഥ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 8-3-2006-ലെ സർക്കാർ ഉത്തരവ് അനുസരിച്ച് നിയമനങ്ങൾ നടത്തുമ്പോൾ ചില പ്രത്യേക സമുദായങ്ങൾക്ക് ലഭിച്ചുവന്ന സംവരണാനുകൂല്യം നഷ്ടപ്പെടുമെന്ന ആശങ്ക ഉയർന്നിട്ടുണ്ട്. നിയമനങ്ങൾ കാലതാമസം കൂടാതെ നടപ്പിലാക്കാൻ പി.എസ്.സി. നടപടികൾ സ്വീകരിക്കുകയും ഇത് സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം നിയമന നടപടികൾ നടത്തുമ്പോൾ ഏതെങ്കിലും വിഭാഗങ്ങൾക്ക് നഷ്ടം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ചർച്ച ചെയ്ത് അവ പരിഹരിക്കാൻ സർക്കാർ സന്നദ്ധമാണ്. പി.എസ്.സി. ചെയർമാനുമായി ഉടനടി ബന്ധപ്പെട്ട് സംശയനിവാരണം വരുത്താനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) ദുർബ്ബല വിഭാഗങ്ങൾക്കുവേണ്ടി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി

ശ്രീ.ടി.യു. കുരുവിള: സംസ്ഥാനത്തെ ദുർബ്ബല വിഭാഗങ്ങൾക്കുവേണ്ടി ഹൗസിംഗ് ബോർഡിന്റെ നേതൃത്വത്തിൽ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാനും വീടില്ലാത്ത മുഴുവൻ പേർക്കും വീട് നൽകുക എന്ന സ്വപ്നം സാക്ഷാത്കരിക്കാനുമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സന്നദ്ധമായത്. 1996-2001-ൽ ഏഴര ലക്ഷം വീടുകൾ തിർത്ത് കൊടുത്തതിൽ മൂന്ന് ലക്ഷം വീടുകൾ സൗജന്യമായാണ് ഹൗസിംഗ് ബോർഡ് കൊടുത്തത്. 1996-2001-ൽ 75 കോടി രൂപയുടെ ലാഭമുണ്ടാക്കിയ സ്ഥാപനം ഇപ്പോൾ കടത്തിലാണ്. ഇതിന്റെ കാരണം പരിശോധിക്കണം. ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനം നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകാൻ വേണ്ടി വിജിലൻസ് എൻക്വയറിയുടെ റിപ്പോർട്ട് പുറത്ത് കൊണ്ടുവരണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): വാദപ്രതിവാദങ്ങളുടെ കേന്ദ്രബിന്ദുവായി ഹൗസിംഗ് ബോർഡിനെ മാറ്റി അതിന്റെ സ്ഥിതിയെ ദോഷകരമായി ബാധിക്കുന്ന കാര്യങ്ങൾ ചെയ്യരുത്. മൈത്രി, സുരക്ഷ, കാരുണ്യ എന്നീ പദ്ധതികൾ ഹൗസിംഗ് ബോർഡ് ആവിഷ്കരിച്ച് നടപ്പാക്കിവരികയാണ്. അതിൽ പാളിച്ചയുണ്ടെങ്കിൽ പരിഹരിക്കാൻ കൂട്ടായി ശ്രമിക്കണം. ഇപ്പോൾ നടക്കുന്ന വിജിലൻസ് എൻക്വയറി തൃപ്തികരമാകാതെ വന്നാൽ വീണ്ടും അന്വേഷിക്കാൻ ഗവൺമെന്റ് തയ്യാറാണ്. ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനം സ്തംഭനത്തിലാകുന്ന അവസ്ഥയുണ്ടാകരുത്. 1991 മുതൽ 2006 വരെയുള്ള ഹൗസിംഗ് ബോർഡിന്റെ മൊത്തം പ്രവർത്തനത്തെപ്പറ്റി സമഗ്രമായ അന്വേഷണം വേണമെന്നുള്ള അഭിപ്രായമാണ് ഗവൺമെന്റിനുള്ളത്.

**സബ്മിഷൻ**

(1) നിയമന നിരോധനവും തസ്തികകൾ നിർത്തലാക്കലും

ശ്രീ.വി.എസ്.സുനിൽ കുമാർ: കഴിഞ്ഞ ഗവൺമെന്റ് വെട്ടിക്കുറച്ച തസ്തികകൾ പുന:സ്ഥാപിക്കണം. നിയമന നിരോധനവും തെരഞ്ഞെടുപ്പും കാരണം ഉദ്യോഗാർത്ഥികളെ നിയമിക്കാൻ സാധിക്കാത്തതിനാൽ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അധിക തസ്തികകൾ കണ്ടെത്താനും അവ പുനർവിന്യസിക്കുകയോ നിലനിർത്തുകയോ ചെയ്യാനും വകുപ്പു തലവൻമാരുടേയും സെക്രട്ടറിമാരുടേയും യോഗം തീരുമാനിച്ചിരുന്നു. പി.ആന്റ്.എ.അർ.ഡി.യിൽ ഇതിനായി സർപ്ലസ് മാൻപവ്വർ സെൽ രൂപീകരിച്ചിരുന്നു. ഇതിനെതിരെ യുവാക്കളുടെ പ്രതിഷേധം ഉയർന്നുവരുകയും ഒഴിവുകൾ പി.എസ്.സി.ക്ക്

റിപ്പോർട്ട് ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. പി.എസ്.സി. തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി കുറഞ്ഞത് ഒരു വർഷവും കൂടിയത് മൂന്ന് വർഷവുമാണ്. ഒരു വർഷത്തിനുശേഷം അതേ തസ്തികയിൽ പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരികയാണെങ്കിൽ നിലവിലിരിക്കുന്ന റാങ്ക് ലിസ്റ്റിന് ആ തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതല്ല. 3 വർഷത്തിനകം ഒരു ഒഴിവുപോലും റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുകയും ലിസ്റ്റിൽ നിന്ന് നിയമിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ ആ റാങ്ക് ലിസ്റ്റിന്റെ കാലാവധി ഒരു ആളെ നിയമിക്കുന്നതുവരെയോ ഒരു വർഷം വരെയോ ദീർഘിപ്പിക്കാവുന്നതാണ്.

(2) എമിഗ്രേഷൻ ക്ളിയറൻസ് ലഭിക്കാത്തതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ

ശ്രീ.ടി.എൻ. പ്രതാപൻ : വിദേശത്തു പോകുന്നവർക്ക് എമിഗ്രേഷൻ ക്ളിയറൻസ് ലഭിക്കാത്തതുമൂലം ഉണ്ടായിരിക്കുന്ന പ്രശ്നത്തിന് അടിയന്തിര പരിഹാരമുണ്ടാക്കണം.

മുഖ്യമന്ത്രി (ശ്രീ.വി.എസ്. അച്ചുതാനന്ദൻ) : കേന്ദ്ര ഗവൺമെന്റിന്റെ പ്രവാസി ഭാരതീയകാര്യ മന്ത്രാലയത്തിന്റെ പ്രൊട്ടക്ടർ ജനറൽ ഓഫ് എമിഗ്രൻസ് ഓഫീസിൽനിന്ന് നൽകിയിട്ടുള്ള കത്തിൽ എമിഗ്രേഷൻ ക്ളിയറൻസ് നൽകുന്നതിൽ കാലതാമസമുണ്ടാകാറില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. ആവശ്യമായ രേഖകൾ സഹിതം അപേക്ഷിച്ചാൽ മറുനാടുകളിൽ ജോലിക്കു പോകുന്നവർക്കുള്ള എമിഗ്രേഷൻ ക്ളിയറൻസ് അതാതു ദിവസം തന്നെ തിരുവനന്തപുരത്തും കൊച്ചിയിലുമുള്ള ഓഫീസുകളിൽ നൽകാറുണ്ട്.

(3) പി.എസ്.സി.യുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ .

ശ്രീ. സി.ടി അഹമ്മദ് അലി : . സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി. അപേക്ഷ ക്ഷണിക്കുകയും മറ്റു തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. പി.എസ്.സി.യുടെ പ്രവർത്തനം കാര്യക്ഷമമാക്കാനാവശ്യമായ നടപടികൾ കൂടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ.വി.എസ്.അച്ചുതാനന്ദൻ): കെ.പി.എസ്.സി. കംപ്യൂട്ടറൈസേഷനും മറ്റ് ആധുനിക സംവിധാനങ്ങളും ഏർപ്പെടുത്തി കാര്യക്ഷമത ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചുവരികയാണ്. കംപ്യൂട്ടർ വഴി മൂല്യനിർണ്ണയം നടത്താൻ കഴിയുന്ന ഒ.എം.ആർ. പരീക്ഷകളാണ് ഇപ്പോൾ കൂടുതലും നടത്തുന്നത്. അഡ്മിഷൻ ടിക്കറ്റുകളും മറ്റും തയ്യാറാക്കുന്നത് ഹൈ സ്പീഡ് പ്രിന്ററുകളിലൂടെയാണ്. വാർഷിക വിജ്ഞാപനത്തിലൂടെ അപേക്ഷകൾ ക്ഷണിച്ച് അതാതു വർഷം ലിസ്റ്റ് പ്രസിദ്ധീകരിക്കാനുള്ള പദ്ധതിയും പി.എസ്.സി. നടപ്പിലാക്കിവരുന്നു. നിലവിലുള്ള എല്ലാ വേക്കൻസികളും രണ്ടാഴ്ചയ്ക്കകം ബന്ധപ്പെട്ട എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും പി.എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യണമെന്നും നിയമന നടപടികൾ ത്വരിതപ്പെടുത്തണമെന്നും മന്ത്രിസഭാ യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്.

(4) വടവന്നൂർ പഞ്ചായത്തിൽ നെല്ല്സംഭരണത്തിന് ഇൻസെന്റീവ് നൽകണമെന്ന ആവശ്യം

ശ്രീ.കെ.അച്ചുതൻ : സഹകരണ ബാങ്കുകൾ നെല്ല് സംഭരിക്കാതെ വന്നപ്പോൾ വടവന്നൂർ പഞ്ചായത്തിലെ പാടശേഖര കമ്മിറ്റികൾ നെല്ല്

സംഭരിക്കുകയുണ്ടായി. നെല്ലു സംഭരണത്തിനുള്ള ഇൻസെന്റീവ് എത്രയും വേഗം നൽകാനുള്ള നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) :. 2004–05–ലെ മുണ്ടകൻ വിളയ്ക്ക് വടവന്നൂർ പഞ്ചായത്തിൽ വടവന്നൂർ സഹകരണ ബാങ്ക് 4694.89 ക്വിന്റലും കാവളംകോട് പാടശേഖര സമിതി 11681.22 ക്വിന്റലും വീതം നെല്ല് സംഭരിക്കുകയുണ്ടായി. 2,50,97,819 രൂപ പാലക്കാട് ജില്ലയിലെ നെല്ല് സംഭരിച്ച വകയിൽ കൈകാര്യച്ചെലവ് കുടിശ്ശികയിൽ ബാങ്കിനും പാടശേഖര സമിതിക്കും നൽകാനുണ്ട്. നടപ്പുവർഷത്തെ ബഡ്ജറ്റിൽനിന്ന് അർഹതപ്പെട്ട തുക നൽകുവാൻ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്.

(5) കടലാക്രമണം തടയുന്നതിന് കേന്ദ്രസഹായത്തോടെയുള്ള പദ്ധതികൾ

ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി : നാഷണൽ കലാമിറ്റി സ്കീമിൽപ്പെടുത്തി കേന്ദ്ര സഹായം ലഭ്യമാക്കി അപൂർണ്ണമായി കിടക്കുന്നതും കടൽഭിത്തിയില്ലാത്തതുമായ സ്ഥലങ്ങളിൽ നെറ്റ് വച്ച് നിർമ്മിക്കുന്ന കടൽ ഭിത്തി കെട്ടി കേരളത്തിന്റെ തീരപ്രദേശങ്ങൾ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. .

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ): പതിനൊന്നാം ധനകാര്യ കമ്മിഷൻ 50 കോടി രൂപ അനുവദിക്കുകയും അതുപയോഗിച്ച് 12.70 കി.മീറ്റർ കടൽഭിത്തി നിർമ്മാണവും 28.63 കി.മീറ്റർ കടൽഭിത്തി പുനരുദ്ധാരണവും പൂർത്തിയാക്കിയിട്ടുണ്ട്. പന്ത്രണ്ടാം ധനകാര്യ കമ്മിഷൻ ഇപ്പോൾ അനുവദിച്ച 175 കോടി രൂപയുടെ അടിസ്ഥാനത്തിലുള്ള പ്രൊപ്പോസൽസും പ്രോജക്ട് റിപ്പോർട്ടും സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ

പരിഗണനയിലാണ്. സുനാമി ദുരന്തവുമായി ബന്ധപ്പെട്ട് കടൽഭിത്തിയിൽ വന്നിട്ടുള്ള ക്ഷയവും മറ്റും പരിഹരിക്കുന്നതിനുവേണ്ടി 338.58 കോടി രൂപ യുടെ പ്രൊപ്പോസൽസും പ്രോജക്ട് റിപ്പോർട്ടും കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

(6) നെൽവയൽ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ബി. രാഘവൻ: കേരളത്തിലെ ഏതാണ്ട് അഞ്ചര ലക്ഷം ഹെക്ടർ നെൽപ്പാടങ്ങൾ നികത്തിയതുമൂലം കൃഷി നഷ്ടമാവുകയും തൻമൂലം നെല്ലുല്പാദനത്തിൽ ഇടിവ് സംഭവിക്കുകയും കുടിവെള്ള പ്രശ്നം രൂക്ഷമാകുകയും പ്രകൃതിയുടെയും ഭൂമിയുടെയും സന്തുലിതാവസ്ഥ നഷ്ടപ്പെടുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണുള്ളത്. അതുകൊണ്ട് ശേഷിക്കുന്ന നെൽപ്പാടം സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ.മുല്ലക്കര രത്നാകരൻ): നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിന് നിയമത്തിലെ അപാകതകൾ പരിഹരിക്കാനും നെൽവയലുകൾ സംരക്ഷിക്കാനും അടിയന്തിര നടപടി കൃഷി വകുപ്പ് സ്വീകരിക്കും. നിയമനിർമ്മാണ പ്രക്രിയകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യുന്നതിന് മറ്റു വകുപ്പുകളുടെ സഹായം തേടുകയും ചെയ്യും.

(7) ഉദയകുമാറിന്റെ മാതാവിന് ആനുകൂല്യങ്ങൾ ലഭിക്കണമെന്ന ആവശ്യം

ശ്രീ.വി.ശിവൻകുട്ടി : തിരുവനന്തപുരം ഫോർട്ട് പോലീസ് സ്റ്റേഷൻ ലോക്കപ്പിൽ വച്ച് മരണമടഞ്ഞ ഉദയകുമാറിന്റെ മാതാവിന് മുൻ സർക്കാർ വാഗ്ദാനം ചെയ്ത വീടും സ്ഥലവും എത്രയും വേഗം നൽകാനാവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ കേസിന്റെകാര്യം ഗൗരവമായി പരിഗണിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ) : തിരുവനന്തപുരം ഫോർട്ട് പോലീസ് സ്റ്റേഷനിൽ കസ്റ്റഡിയിൽവച്ച് മരണപ്പെട്ട ഉദയകുമാറിന്റെ മാതാവ് പ്രഭാവതി അമ്മയ്ക്ക് മാസംതോറും സഹായധനം നൽകുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് മുൻ സർക്കാർ 2 ലക്ഷം രൂപ അനുവദിച്ചു കൊണ്ട് 28--1-06-ൽ ഉത്തരവ് പുറപ്പെടുവിച്ചു. തുക സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ തിരുവനന്തപുരം മെയിൻ ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ നിക്ഷേപിക്കുകയും ടി തുകയുടെ പലിശ പ്രതിമാസം ഉദയകുമാറിന്റെ മാതാവിന് നൽകി വരികയുമാണ്. എന്നാൽ മേൽപ്പറഞ്ഞ തുകയിൽനിന്ന് ലഭിക്കുന്ന പലിശ അപര്യാപ്തമായതിനാൽ പ്രതിമാസം 1500 രൂപ ലഭിക്കുന്ന രീതിയിൽ നേരത്തെ അനുവദിച്ച തുക 3 ലക്ഷം രൂപയായി ഉയർത്തിക്കൊണ്ട് ഈ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ശ്രീമതി പ്രഭാവതി അമ്മയുടെ താമസ സ്ഥലത്തിനടുത്തായി മണക്കാട് വില്ലേജിൽ 7 സെന്റ് സ്ഥലവും ടെറസ് കെട്ടിടവും വാങ്ങുന്നതിനായി ഈ ഗവൺമെന്റ് ജില്ലാ കളക്ടർക്ക് നൽകിയ തുകകൊണ്ട് ഭൂമി വാങ്ങാൻ കഴിയാതെ വന്നപ്പോൾ ഭൂമിയുടെ രജിസ്ട്രേഷൻ, സ്റ്റാംപ് ഡ്യൂട്ടി എന്നിവയിൽ ഇളവു വരുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. ജൂലൈ മാസത്തിൽത്തന്നെ ഉദയകുമാറിന്റെ മാതാവിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വീട് കൈമാറുന്നതാണ്. കേസിന്റെ കാര്യം ഗൗരവമായി ഗവൺമെന്റ് പരിഗണിക്കുന്നതും ആവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്.

(8) സ്വകാര്യ പണമിടപാട് സ്ഥാപനമുടമ ഒളിവിൽ പോയത് സംബന്ധിച്ച്

ശ്രീ.ജി.കാർത്തികേയൻ: കൊറ്റംപളളിയിലെ പേരൂർക്കോണം ഫിനാൻഷ്യൽ എന്റർപ്രൈസസ്സ് എന്ന സ്വകാര്യ പണമിടപാട് സ്ഥാപനത്തിന്റെ ഉടമ ഒളിവിൽ പോയതിനാൽ നിക്ഷേപകർ നിരാലംബരായിരിക്കുന്നു. സ്ഥാപനം ഉടമയെ കണ്ടെത്തുന്നതിനുളള നടപടി അടിയന്തിരമായി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഇത്തരത്തിലുളള തട്ടിപ്പുസംഘങ്ങൾ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പ്രവർത്തിച്ചുവരുന്നതായി സർക്കാരിന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഇത് കണ്ടുപിടിക്കുന്നതിന് പ്രത്യേക സ്ക്വാഡ് രൂപീകരിക്കുമെന്ന് സഭയിൽ പറഞ്ഞിരുന്നു. അന്വേഷണത്തിനായി ഈ കേസ് അവരെ ഏല്പിക്കുന്നതാണ്.

(9) ശംഖുംമുഖം, വേളി തുടങ്ങിയ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ ശോച്യാവസ്ഥ

ശ്രീ. വി. സുരേന്ദ്രൻപിളള: ശംഖുംമുഖം, വേളി തുടങ്ങിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ കടലാക്രമണംമൂലം വെളളം കയറി മാലിന്യകൂമ്പാരമായിരിക്കുന്നു. കുട്ടികൾക്കുവേണ്ടിയുണ്ടായിരുന്ന ചാച്ചാനെഹ്രു ട്രാഫിക് പാർക്ക് പ്രവർത്തിക്കുന്നില്ല. ശംഖുംമുഖത്ത് ഉണ്ടായിരുന്ന വലിയ ലൈറ്റ് പ്രവർത്തനരഹിതമായതിനാൽ രാത്രികാലങ്ങളിൽ സാമൂഹ്യ വിരുദ്ധരുടെ ശല്യം ഏറിവരുന്നു. വേളി കായലിലെ ബോട്ടുകൾ പലതും കട്ടപ്പുറത്താണ്. സർക്കാർ അടിയന്തിര പ്രാധാന്യം നൽകി ഈ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സംവിധാനം ഉണ്ടാക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):: ശംഖുംമുഖം, വേളി തുടങ്ങിയ ബീച്ചുകൾ കടലാക്രമണത്തിൽ വൃത്തിഹീനമായിട്ടുണ്ട്. കടലാക്രമണം ഇപ്പോഴും തുടരുന്ന സാഹചര്യത്തിൽ ഉടനടി മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുകയില്ല. മഴക്കാലം കഴിഞ്ഞാലുടൻതന്നെ ശംഖുംമുഖം, വേളി ബീച്ചുകളും പരിസരവും വൃത്തിയാക്കി പൂർവ്വ സ്ഥിതിയിലാക്കാൻ ടൂറിസം ഡിപ്പാർട്ടുമെന്റ് നടപടി സ്വീകരിക്കുന്നതോടൊപ്പം സ്ഥലം എം.എൽ.എ. യുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ ഇവ പരിശോധിക്കുന്നതിനുള്ള നടപടിയെടുക്കുന്നതുമാണ്.

(10) ചെറുപുഴയിൽ അജിത എന്ന വീട്ടമ്മയും ഒരു കുട്ടിയും വധിക്കപ്പെട്ട സംഭവം

ശ്രീ.കെ.സുധാകരൻ: കണ്ണൂർ ജില്ലയിലെ ചെറുപുഴയിൽ കർണ്ണാടകയിൽ നിന്നുവന്ന് മത്സ്യം പിടിച്ച് ജീവിക്കുന്ന നാടോടികൾ താമസിക്കുന്ന ക്യാമ്പിൽ 15-5-2006-ന് രാത്രി ഒരുകൂട്ടം ചെറുപ്പക്കാർ കടന്നുചെന്ന് 14 വയസ്സുള്ള ശകുന്തള എന്ന പെൺകുട്ടിയെ വിട്ടുകൊടുക്കണമെന്നും പാരിതോഷികമായി 1000 രൂപ നൽകാമെന്നും പറഞ്ഞ് ബഹളമുണ്ടാക്കുകയും നാടോടികളുടെ എതിർപ്പിനെത്തുടർന്ന് അവർ പോകുകയും അര മണിക്കൂർ കഴിഞ്ഞ് പത്ത് പതിനഞ്ച് ആളുകൾ സംഘടിച്ച് ക്യാമ്പിലെത്തി നാടോടികളെ അതിക്രൂരമായി കയ്യേറ്റം ചെയ്യുകയും അടിയും ചവിട്ടുമേറ്റ് ഒരു മാസം പ്രായമുള്ള കുഞ്ഞ് മരണപ്പെടുകയും ചെയ്തു. ഇക്കാര്യത്തിൽ 12 പ്രതികളുടെ പേരിൽ പോലീസ് കേസെടുത്തെങ്കിലും 8 പേരെ മാത്രമാണ് അറസ്റ്റ്ചെയ്തിട്ടുള്ളത്. ഒളിവിൽ പോയ പ്രതികളെ സംരക്ഷിക്കാനുള്ള ശ്രമമാണ് പോലീസിന്റെ

ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. മുഖ്യമന്ത്രി അടിയന്തിരമായി ഇക്കാര്യത്തിൽ ഇടപെട്ട് ഒളിവിൽ പോയ പ്രതികളെ കണ്ടെത്തി നടപടിക്ക് വിധേയമാക്കണം. മഹിളാ കോൺഗ്രസ് പ്രവർത്തകയായ അജിത എന്ന വീട്ടമ്മ 6-6-2006-ന് മൃഗീയമായി കൊലചെയ്യപ്പെട്ട സംഭവത്തിൽ പ്രതികളെ കണ്ടെത്താൻ പോലീസിന് കഴിഞ്ഞിട്ടില്ല. പ്രബലരായ പ്രതികളെ രക്ഷിക്കാൻ ശക്തമായ ഇടപെടലുകൾ ഉണ്ടെന്ന് ആ പ്രദേശത്ത് വ്യാപകമായ ആക്ഷേപമുണ്ട്. പ്രതികളെ കണ്ടെത്താൻ ലോക്കൽ പോലീസിന് കഴിയില്ലെങ്കിൽ എത്രയുംവേഗം അന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ച് യഥാർത്ഥ പ്രതിയെ കണ്ടെത്താൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 15-5-2006-ന് കണ്ണൂർ ജില്ലയിലെ ചെറുപുഴയിൽ മീൻപിടിച്ച് ഉപജീവനം നടത്തിയിരുന്ന യുവതിയെ മാനഭംഗം ചെയ്യാനെത്തിയ യുവാവ് നാടോടികളുടെ സംഘടിതമായ എതിർപ്പിനെത്തുടർന്ന് മറ്റ് പതിനൊന്ന് പേരെ കൂട്ടിക്കൊണ്ട് വന്ന് നാടോടികളെ മർദ്ദിക്കുകയും അവിടെയുണ്ടായിരുന്ന ഒരു മാസം പ്രായമായ പെൺകുട്ടി അക്രമികളുടെ ചവിട്ടേറ്റ് മരണപ്പെടുകയും ചെയ്തു. ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും വിശദമായ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ പ്രതികളെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. നാടിന് അപമാനകരമായ ഇത്തരം സംഭവങ്ങൾ സർക്കാർ ഗൗരവപൂർവ്വം പരിഗണിച്ച് ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. ചെറുപുഴയിൽ താമസിച്ചിരുന്ന അജിത വീടിന്റെ കിടപ്പുമുറിയിൽവച്ച് കൊലചെയ്യപ്പെട്ട സംഭവത്തിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വരാന്തയിൽ പുറംതിരിഞ്ഞു നിൽക്കുന്നതായി കാണപ്പെട്ട

ഒരാളുടെ പിൻഭാഗത്തിന്റെ രേഖാചിത്രം ശാസ്ത്രീയമായി തയ്യാറാക്കി അന്വേഷണം നടത്തുന്നു എന്നാണ് റിപ്പോർട്ടിൽ പറയുന്നത്. ഈ കേസന്വേഷണം തൃപ്തികരമല്ലാത്തതിനാൽ ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കാൻ ഉദ്ദേശിക്കുകയാണ്.

(11) <u>കൈത്തറി മേഖലയിലെ പ്രതിസന്ധി</u>

<u>ശ്രീ. എൻ. അനിരുദ്ധൻ</u>: ഒന്നേകാൽ ലക്ഷം കുടുംബങ്ങൾ ഉപജീവനം നടത്തുന്ന കൈത്തറി വ്യവസായം ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. പ്രൈമറി സഹകരണസംഘങ്ങളെല്ലാം ഇന്ന് നിലച്ച മട്ടാണ്. ഈ സംഘങ്ങളെ സഹായിക്കുന്നതിന് രൂപീകരിച്ച അപ്പെക്സ് സംഘമായ ഹാന്റക്സ്പോലും ഇന്ന് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണ്. ഈ രംഗത്ത് മാർക്കറ്റിംഗിന്റെ അഭാവവും മൂലധനത്തിന്റെ കുറവും താങ്ങാനാവാത്ത പലിശയും പ്രതിസന്ധി രൂക്ഷമാക്കിയിട്ടുണ്ട്. കൈത്തറി രംഗത്തെ പുനരുദ്ധാരണത്തിനുവേണ്ടി കോടിക്കണക്കിനു രൂപ അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷമായി കേരളത്തിൽ നിന്ന് വയബിൾ ആയ ഒരു പ്രോജക്ടും സമർപ്പിക്കാത്തതുകൊണ്ട് ഒന്നും നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. ഈ ഗവൺമെന്റ് വയബിളായ ഒരു പ്രോജക്ട് തയ്യാറാക്കി കേന്ദ്രസഹായം കൂടി നേടിയെടുത്ത് മാർക്കറ്റിംഗിന്റെ അഭാവം പരിഹരിക്കുന്നതിനുവേണ്ടി കൈത്തറി നെയ്ത്ത് നവീകരണപദ്ധതി നടപ്പാക്കണം. സഹകരണസംഘങ്ങളിൽ ഇന്നുണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സഹകരണ സംഘങ്ങളിൽ ഗവൺമെന്റിന്റെ നിക്ഷേപം ഷെയറാക്കി മാറ്റുകയും കടക്കെണിയിൽനിന്ന് കരകയറ്റുന്നതിന് മൂലധനം സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. കൈത്തറിരംഗത്തെ റിബേറ്റ് സമ്പ്രദായം പുനഃസ്ഥാപിച്ചാൽ മാത്രമേ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കുകയുള്ളൂ.

ആധുനികവൽക്കരണത്തിനുള്ള പരിശീലനം നൽകുന്നതോടൊപ്പംതന്നെ കൈത്തറിരംഗത്തെ പുരോഗതിക്കുവേണ്ടി പരസ്യം നൽകുന്നതിനുള്ള സഹായം ഗവൺമെന്റിൽനിന്ന് ഉണ്ടാകണം. ഹാന്റക്സ് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച് അംഗീകാരം വാങ്ങിയിട്ടുള്ള 47 കോടി രൂപയുടെ പ്രോജക്ട് നടപ്പിലാക്കണം. പരമ്പരാഗത വ്യവസായങ്ങളോട് ആഭിമുഖ്യം കാണിക്കുന്ന ഈ ഗവൺമെന്റ് ഈ രംഗത്ത് പണിയെടുക്കുന്ന ഒന്നേകാൽ ലക്ഷം വരുന്ന കുടുംബങ്ങളെ സഹായിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): മൂലധനത്തിന്റെ അഭാവവും റിബേറ്റിന്റെ പരിമിതിയും ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ കഴിയാത്തതുമാണ് കൈത്തറി മേഖലയുടെ പ്രതിസന്ധി. കൈത്തറി മേഖലയുടെ ഉന്നമനത്തിനായി വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. കൈത്തറി വസ്ത്രങ്ങളുടെ വിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിനായി റിബേറ്റ് ദിനങ്ങൾ ഉയർത്തുന്ന കാര്യവും റിബേറ്റ് കുടിശ്ശിക കൊടുത്തുതീർക്കുന്നതു സംബന്ധിച്ചും സർക്കാർ പരിശോധിച്ചുവരികയാണ്. കെട്ടിക്കിടക്കുന്ന തുണിത്തരങ്ങൾ വിറ്റഴിക്കുന്നതിനും വിൽപ്പന കിഴിവ് നൽകുന്നതിനുമായി കേന്ദ്രസർക്കാരിന്റെ ദീൻദയാൽ കൈത്തറി വികസനപദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സഹകരണ മേഖലയിലെ 270 സംഘങ്ങളിലും തിരുവനന്തപുരത്തെ 25 വനിതാ സമാജങ്ങളിലുമായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ആറ് മാസത്തിനകം പൂർത്തീകരിക്കുന്നതു കൂടാതെ 25 കൈത്തറി മഹിളാസംഘങ്ങൾക്ക് 25 ലക്ഷം രൂപയും ഈ പദ്ധതിയിൽ അനുവദിച്ചിട്ടുണ്ട്. ഹാന്റക്സിന്റെ 40 കോടിരൂപയുടെ പുനരുദ്ധാരണ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടിൽ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരിക്കുന്ന വിശദീകരണം ഉടനെ കൊടുക്കുന്നതാണ്.

കേന്ദ്രസഹായത്തോടുകൂടി ബാലരാമപുരത്ത് നടപ്പിലാക്കുന്ന രണ്ട് കോടിരൂപയുടെ പുതിയ ക്ലസ്റ്ററിന്റെ പ്രവർത്തനം പുരോഗമിച്ചുവരുന്നു. ഇതിനുപുറമേ കേന്ദ്രസർക്കാർ രാജ്യമൊട്ടാകെ 100 ക്ലസ്റ്ററുകൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഓരോ ക്ലസ്റ്ററിനും 50 ലക്ഷം രൂപവീതം കേന്ദ്രസർക്കാർ നൽകുന്നതുകൊണ്ട് പരമാവധി ക്ലസ്റ്റേഴ്സ് സംസ്ഥാനത്ത് ആരംഭിക്കുന്നതിനായി വീവേഴ്സ് സർവ്വീസ് സെന്റർ ആവശ്യപ്പെട്ട പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ എസ്.ജി.എസ്.വൈ പദ്ധതിപ്രകാരം കണ്ണൂരിൽ നടപ്പാക്കിവരുന്ന 'കൃതിക', നെയ്ത്തുകാർക്ക് ഗുണകരമാകുന്ന 'തനിമ', നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, കോഴിക്കോട് നടപ്പാക്കിവരുന്ന 'ക്രാഫ്റ്റ് ടെക്സ്റ്റയിൽസ് ക്ലസ്റ്റർ' എന്നീ പദ്ധതികൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കൈത്തറി നെയ്ത്ത് തൊഴിലാളികളുടെ ഉന്നമനത്തി നുവേണ്ടിയുള്ളതാണ്. എറണാകുളം, പാലക്കാട് ജില്ലകളിലെ നെയ്ത്തു കാരുടെ അഭിവൃദ്ധി ലക്ഷ്യമാക്കിയുള്ള 'പ്രതിഭ' എന്ന പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു.

## (12) കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ ഫിഷറീസ് സ്കൂളിന്റെ വികസനം

ശ്രീ. പള്ളിപ്രം ബാലൻ: ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലത്തിലെ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ ഒരു ഫിഷ് ലാന്റിംഗ് സെന്റർ പണിയുന്നതിന് സർക്കാർ 28.42 ലക്ഷം രൂപയും ഗൈഡ് ലൈറ്റ് സ്ഥാപിക്കുന്നതിന് 60,000 രൂപയും അനുവദിച്ചു. കൂടാതെ ഫിഷറീസ്

സ്കൂളിന് ഹോസ്റ്റൽ ഉൾപ്പെടെ പുതിയ കെട്ടിടം പണിയുന്നതിന് അനുവദിച്ച 46.20 ലക്ഷം രൂപയിൽ 8 ലക്ഷം രൂപ കരാറുകാരൻ കൈപ്പറ്റിയെങ്കിലും യാതൊരു പണിയും അവിടെ നടത്തിയിട്ടില്ല. ഇക്കാര്യത്തിൽ ഗവണ്മെന്റിന്റെ ശ്രദ്ധയുണ്ടാകണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ.എസ്.ശർമ്മ) : കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിന് 28.42 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 14.7.99-ൽ ഭരണാനുമതി നൽകുകയുണ്ടായി. റവന്യൂ വകുപ്പുമായി ആലോചിച്ച് എത്രയും വേഗം ഉദ്ദേശിച്ച സ്ഥലത്തിന്റെ കൈമാറ്റം ഉറപ്പുവരുത്തിയതിനു ശേഷം ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനത്തിനുള്ള നടപടി സ്വീകരിക്കും. ഗൈഡ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്.. അടിയന്തിരമായും നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിന് ഹാർബർ എൻജിനിയറിംഗ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിന്റെ കെട്ടിടനിർമ്മാണ ത്തിന് 46.20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി 11.4.2005-ൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചുവെങ്കിലും ഉദ്ദേശിച്ച വേഗതയിൽ പണി പുരോഗമിച്ചിട്ടില്ല. നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് ഫിഷറീസ് വകുപ്പിന്റേയും ഹാർബർ എൻജിനീയറിംഗ് വകുപ്പിന്റേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്.

(13) <u>കോന്നി മണ്ഡലത്തിലെ സഞ്ചാരയോഗ്യമല്ലാതായ റോഡുകളുടെ അറ്റകുറ്റപണികൾ</u>

<u>ശ്രീ. അടൂർ പ്രകാശ്</u> : കോന്നി നിയോജകമണ്ഡലത്തിലെ സഞ്ചാര യോഗ്യമല്ലാതായിക്കിടക്കുന്ന ആനകുത്തി-കുമ്മണ്ണൂർ റോഡ്, മുല്ലശ്ശേരി-

കോന്നി–ലാക്കൂർ റോഡ്, കുളത്തൂർ–പാടം വെള്ളംതെറ്റി റോഡ് എന്നിവയുടെ പണികൾ ബഡ്ജറ്റിലുൾപ്പെടുത്തി ടെന്റർ ചെയ്തതാണെങ്കിലും ടെന്റർ ഏറ്റെടുത്ത കോൺട്രാക്ടർ അധികം തുക ആവശ്യപ്പെട്ടത് അനുവദിക്കാൻ തയ്യാറായിട്ടില്ലാത്തതിനാൽ ഇതുവരെ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല. അടിയന്തിരമായി ഈ മൂന്ന് റോഡുകളുടേയും പണി കോൺട്രാക്ടറെ ഏൽപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ.പി.ജെ.ജോസഫ്)</u> : ആനകുത്തി–കുമ്മണ്ണൂർ റോഡിന്റെ പുനരുദ്ധാരണത്തിനായി 45 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതിയും 61.5 ലക്ഷം രൂപയുടെ സാങ്കേതിക അനുമതിയും നൽകിയശേഷം ടെന്റർ ചെയ്തു.. ഏറ്റവും കുറഞ്ഞ നിരക്കായ എസ്റ്റിമേറ്റ് തുകയുടെ 35 ശതമാനം വർദ്ധനവിൽ ലഭിച്ച ടെന്റർ, ടെന്റർ കമ്മിറ്റിയുടെ പരിഗണനയിലാണ്. മുല്ലശ്ശേരി–കോന്നി–ലാക്കൂർ റോഡിന്റെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി 10 ലക്ഷം രൂപയുടെ ഭരണാനുമതിയും 104 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകി ടെന്റർ ചെയ്തു. എസ്റ്റിമേറ്റ് തുകയുടെ 35 ശതമാനം വർദ്ധനവിൽ ടെന്റർ അനുവദിക്കുന്ന കാര്യം ടെന്റർ കമ്മിറ്റിയുടെ പരിഗണനയിലാണ്. കുളത്തൂർപാടം–വെള്ളംതെറ്റി റോഡിന്റെ പുനരുദ്ധാരണത്തിനായി ഒരു കോടിരൂപയുടെ ഭരണാനുമതിയും 105 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയശേഷം ടെന്റർ ചെയ്തു. ഏറ്റവും കുറഞ്ഞ നിരക്കായ എസ്റ്റിമേറ്റ് തുകയുടെ 25 ശതമാനം വർദ്ധനവിൽ ടെന്റർ അംഗീകരിക്കുന്ന കാര്യം ടെന്റർ കമ്മിറ്റിയുടെ പരിഗണനയിലാണ്. ഏറ്റവും വേഗതയിൽ ഇക്കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതാണ്.

## (14) ജില്ലാ വികസന ഏജൻസികൾ നിർത്തലാക്കുന്നതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ

ശ്രീ.കെ.കെ. ഷാജു : ഡി.ആർ.ഡി.എ. നിർത്തലാക്കിയതുവഴിയും ജീവനക്കാരെ പുനർവിന്യസിച്ചതിലൂടെയും ധാരാളം പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. 2001-ലെ ഓർഡറനുസരിച്ച് ജൂൺ മാസം 5-ാം തീയതിയാണ് ഡി.ആർ.ഡി.എ. നിർത്തലാക്കുന്നതിനുള്ള തീരുമാനം വന്നത്. 5 വർഷം മുമ്പുള്ള ഉത്തരവിന് ഇപ്പോൾ കാലിക പ്രസക്തി നഷ്ടപ്പെട്ടിട്ടുള്ള സ്ഥിതിക്ക് അത് ഇംപ്ളിമെന്റ് ചെയ്യുന്നതിന് ധാരാളം പ്രശ്നങ്ങളുണ്ട്. എം.എൽ.എ. ഫണ്ടടക്കമുള്ളതിന് ടി.എസ്. നൽകുക, വിവിധ സെൻട്രൽ അസിസ്റ്റൻസ് സ്കീമുകൾ പ്രോജക്ട് തയ്യാറാക്കി കേന്ദ്രഗവണ്മെന്റിന് അയച്ച് അനുമതി തേടുക തുടങ്ങിയ ഉത്തരവാദിത്വങ്ങളുള്ള ഈ ഏജൻസിയുടെ ഐഡന്റിറ്റി സൂക്ഷിക്കേണ്ടതാണെന്ന് സെൻട്രൽ ഡയറക്ഷൻ നിലവിലുണ്ടെങ്കിലും ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാരുടെ കീഴിൽ ഈ ഏജൻസി പ്രവർത്തിക്കണമെന്നാണ് ഇപ്പോൾ വന്നിട്ടുള്ള നിർദ്ദേശം. അടിയന്തിരമായും ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകണം.

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : 2001-ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റെടുത്ത തീരുമാനം നടപ്പിലാക്കുകയാണ് ഡി.ആർ.ഡി.എ.കൾ നിർത്തലാക്കുക വഴി ചെയ്യുന്നത്. ഡി.ആർ.ഡി.എ.കൾ ജില്ലാ പഞ്ചായത്തിൽ ലയിപ്പിക്കുമ്പോൾ ജില്ലാ പഞ്ചായത്തിൽ ഒരു ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ് ആരംഭിക്കുകയും ഡി.ആർ.ഡി.എ.കളിലെ ജീവനക്കാരെ ഈ യൂണിറ്റിൽ നിയമിക്കുകയുമാണ് ചെയ്യുന്നത്. ഈ യൂണിറ്റിന്റെ ചുമതല ഒരു ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മിഷണർക്കായിരിക്കും. ദാരിദ്ര്യ നിർമ്മാർജ്ജന

യൂണിറ്റ് പൂർണ്ണമായും ജില്ലാ പഞ്ചായത്തിന്റെ ഭാഗമാണ്. ഡി.ആർ.ഡി.എ.കൾ നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും സംസ്ഥാനത്തെ ത്രിതലപഞ്ചായത്തുകൾ വഴിയാണ് ഇപ്പോഴും നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഡി.ആർ.ഡി.എ.കൾ ജില്ലാ പഞ്ചായത്തിൽ ലയിപ്പിക്കുന്നതുമൂലം യാതൊരു വികസന പ്രതിസന്ധിക്കും ഇടവരികയില്ലാ യെന്നതിനുപുറമെ വികസന പ്രവർത്തനങ്ങൾക്ക് കൂടുതൽ ജനകീയ നിയന്ത്രണവും ജനങ്ങളുടെ പങ്കാളിത്തവും ഉറപ്പാക്കാനും കഴിയും. ഡി.ആർ.ഡി.എ.കളിലെ ഉദ്യോഗസ്ഥരുടെ സേവന വ്യവസ്ഥകൾക്ക് യാതൊരു മാറ്റവും വരുത്തിയിട്ടില്ലാത്തതിനാൽ യാതൊരു പ്രശ്നവും ഇതുവഴി സൃഷ്ടിക്കപ്പെടുന്നില്ല. നിലവിൽ ജില്ലാപഞ്ചായത്തുകളിൽ വൈദഗ്ദ്ധ്യമുള്ള ജീവനക്കാരുടെ ദൗർലഭ്യമുള്ളതുകൊണ്ട് ജില്ലാ ഗ്രാമ വികസന ഏജൻസികളിലെ ഉദ്യോഗസ്ഥരെ ജില്ലാ പഞ്ചായത്തുകളിൽ വിന്യസിപ്പിച്ചാൽ ജില്ലാ പഞ്ചായത്തുകൾ ശക്തിപ്പെടുത്തുന്നതിനും നിലവിലുള്ള കേന്ദ്രാവിഷ്ക്കൃത പദ്ധതികളുടെ നടത്തിപ്പിനും പുറമെ ജില്ലയിലെ എല്ലാ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കും ഈ ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്താനും സാധിക്കുന്നതാണ്.

(15) <u>നെല്ലിയാമ്പതിയിലെ തോട്ടം തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ</u>

<u>ശ്രീ.വി. ചെന്താമരാക്ഷൻ</u> : കൊല്ലങ്കോട് മണ്ഡലത്തിലെ നെല്ലിയാമ്പതി പഞ്ചായത്തിൽ ഏതാണ്ട് 12,000-ത്തോളം വരുന്ന തേയില, കാപ്പി, ഏലം തോട്ടം തൊഴിലാളികൾ ഉണ്ടായിരുന്ന തോട്ടങ്ങളിൽ തൊഴിലോ തൊഴിലാളികൾക്ക് കൂലിയോ ലഭിക്കാത്തതിനാൽ ഇപ്പോൾ തൊഴിലാളികളുടെ എണ്ണം മൂവായിരമായി കുറഞ്ഞു.. തൊഴിലാളികൾക്ക് വൈദ്യ സഹായം, മെറ്റേണിറ്റി ലീവ്, കമ്പിളി തുടങ്ങിയവ മുതലാളിമാർ

കൊടുക്കേണ്ടതാണെങ്കിലും ഇപ്പോൾ അത്തരം യാതൊരു സഹായവും കൊടുക്കുന്നില്ല. തൊഴിൽ വകുപ്പ് ഇടപെട്ട് ഈ പ്രശ്നങ്ങൾ പരിഹരിക്കണം. ചില എസ്റ്റേറ്റുകൾ വനം വകുപ്പ് ഏറ്റെടുത്തതുകാരണവും തൊഴിലാളികൾക്ക് ജോലിയോ കൂലിയോ ലഭിക്കാത്ത സാഹചര്യമാണുള്ളത്. അതും പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ ) : ഈ പ്രശ്നങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രധാനമായും തേയിലത്തോട്ടങ്ങളാണ് അടഞ്ഞുകിടക്കുന്നത്. അവ തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്ളാന്റേഷൻ ലേബർ ആക്ടിലെ വ്യവസ്ഥകൾ തോട്ടം മേഖലയിലെ മുതലാളിമാർ ലംഘിക്കുന്നതിന്റെ ഫലമായിട്ടാണ് ഈ പ്രശ്നങ്ങൾ ഉണ്ടായിട്ടുള്ളത്. ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ലേബർ ഓഫീസർ കൺവീനറുമായുള്ള പ്ളാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിയുടെ പ്രവർത്തനത്തിന്റെ പോരായ്മകൾ പരിഹരിക്കാൻ ഗവണ്മെന്റ് മുൻകൈയെടുക്കുന്നതാണ്. അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും തുറക്കാത്ത തോട്ടങ്ങളിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(16) വടകര ഗവണ്മെന്റ് ആശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ.എം.കെ. പ്രേംനാഥ് : ദിവസവും ആയിരത്തിലധികം രോഗികൾ വരുന്ന വടകര താലൂക്ക് ആശുപത്രിയിൽ മരുന്ന്, സ്റ്റോർ സൂപ്രണ്ട്, സ്റ്റോർ കീപ്പർ, ഡോക്ടർമാർ, മറ്റ് ജീവനക്കാർ എന്നിവയില്ലാത്തതുമൂലം വളരെ പരിതാപകരമായ അവസ്ഥയിലാണ്. ഇക്കാര്യത്തിൽ അടിയന്തിരമായി നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : 1957–ൽ സ്ഥാപിതമായതും 210 കിടക്കകളുള്ളതുമായ വടകര ഗവണ്മെന്റ് ആശുപത്രിയിൽ 7 സിവിൽ സർജൻമാരുടേയും 8 അസിസ്റ്റന്റ് സർജൻമാരുടേയും, ഒരു ദന്തൽ സർജന്റേയും 16 ഡോക്ടർമാരുടേയും തസ്തികകളുള്ളതിൽ ഒരു സിവിൽ സർജന്റേയും 2 അനസ്തെറ്റിസ്റ്റിന്റേയും തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. പി.എസ്.സി. വഴി എത്രയും പെട്ടെന്ന് ഡോക്ടർമാരുടെ ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 29 നഴ്സുമാരുടെ പോസ്റ്റുള്ളതിൽ ഒരെണ്ണം ഒഴിഞ്ഞുകിടക്കുന്നു. അതും ഒഴിഞ്ഞുകിടക്കുന്ന ഫാർമസിസ്റ്റിന്റെ ഒഴിവും നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം ആശുപത്രിയുടെ പ്രവർത്തനത്തിനാവശ്യമായ മറ്റ് ജീവനക്കാരുടെ ഒഴിവും നികത്തുന്നതാണ്. ആമ്പുലൻസ്, മോർച്ചറി എന്നീ സൗകര്യങ്ങളുള്ള ആശുപത്രിയിൽ ഇവിടെ സൂചിപ്പിക്കപ്പെട്ട മറ്റ് നിർദ്ദേശങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

(17) മൂവാറ്റുപുഴ ഇ.ഇ.സി. മാർക്കറ്റിൽ ശീതീകരണ പ്ലാന്റ്

ശ്രീ.ബാബു പോൾ : ഇടത്തട്ടുകാരെ ഒഴിവാക്കി കർഷകർക്ക് ഉൽപ്പന്നങ്ങൾ നേരിട്ട് വന്ന് വിൽപ്പന നടത്തുന്നതിനുള്ള കേന്ദ്രമെന്ന നിലയിലാണ് മൂവാറ്റുപുഴ ഇ.ഇ.സി. മാർക്കറ്റ് ആരംഭിച്ചതെങ്കിലും 16 വർഷമായിട്ടും മാർക്കറ്റിന് ആ ലക്ഷ്യത്തിലെത്തുന്നതിന് കഴിഞ്ഞിട്ടില്ല. ചില മുറികൾ സ്വകാര്യ വ്യക്തികൾക്ക് വാടകയ്ക്ക് കൊടുത്തതൊഴിച്ചാൽ ബാക്കി ആയിരക്കണക്കിന് സ്ക്വയർ ഫീറ്റ് സ്ഥലം വെറുതെ കിടക്കുകയാണ്. പച്ചക്കറിയും മറ്റ് കാർഷികോൽപ്പന്നങ്ങളും ദിവസങ്ങളോളം കേടുകൂടാതെ സൂക്ഷിക്കാൻ കഴിയുന്ന സൗകര്യം ഈ മാർക്കറ്റിലുണ്ടായാൽ കൃഷിക്കാർക്ക്

പ്രയോജനപ്രദമായിരിക്കും. മാർക്കറ്റിനോടനുബന്ധിച്ച് ഒരു ശീതീകരണ പ്ലാന്റ് ആരംഭിക്കണമെന്ന് ദീർഘകാലമായി ഉന്നയിക്കുന്ന ആവശ്യം മാർക്കറ്റ് കമ്മിറ്റിയും മുന്നോട്ടുവച്ചിട്ടുണ്ട്. ഹോർട്ടികൾച്ചർ വിഷനുമായി ബന്ധപ്പെട്ട് അടിയന്തിരമായി ഈ ആവശ്യങ്ങൾക്ക് പരിഹാരമുണ്ടാക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : ഇ.ഇ.സി.യുടെ സഹായത്തോടുകൂടി എറണാകുളം ജില്ലയിൽ സ്ഥാപിച്ച രണ്ട് വ്യാപാര വിപണികളിലൊന്നായ മൂവാറ്റുപുഴ കാർഷിക മൊത്ത വ്യാപാര വിപണിയിൽ 80 കടകളും ലേലം നടത്തുന്നതിനുള്ള ഒരു പ്ലാറ്റ്ഫോമുമുണ്ട്. 5.78 ഹെക്ടർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഈ വിപണിയിൽ 2,880 ച.മീ. സ്ഥലം വിപണനത്തിനുണ്ട്. ഏകദേശം ആയിരം മെട്രിക് ടൺ പച്ചക്കറികളും ഫലവർഗ്ഗങ്ങളും കൈകാര്യം ചെയ്യാനുള്ള സൗകര്യം ഇവിടെയുണ്ട്. എറണാകുളം, തൃശൂർ, ഇടുക്കി, കോട്ടയം തുടങ്ങിയ ജില്ലകളിലെ ഉൽപ്പന്നങ്ങൾ സംഭരിച്ച് കർഷകരെ സഹായിക്കത്തക്കവിധത്തിൽ വിപണനം നടത്തുക എന്ന ഉദ്ദേശത്തോടുകൂടിയാണ് മൂവാറ്റുപുഴ ഹോൾസെയിൽ മാർക്കറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. പൈനാപ്പിൾ, വാനില, പച്ചക്കറികൾ എന്നീ കാർഷികോൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട വ്യാപാരങ്ങൾ നടക്കുന്ന ഈ മാർക്കറ്റിന്റെ സമീപ പ്രദേശങ്ങളിൽ കൃഷി ചെയ്യുന്ന നേന്ത്രക്കായ്, പൈനാപ്പിൾ, ശീതകാല പച്ചക്കറികളായ ഉരുളക്കിഴങ്ങ്, ക്യാരറ്റ്, ക്യാബേജ്, ബീൻസ് തുടങ്ങിയവയെ പശ്ചാത്തല സൗകര്യം ഇല്ലാത്തതു കൊണ്ട് ഈ മാർക്കറ്റിലേയ്ക്ക് കൂടുതലായി ആകർഷിക്കുവാൻ കഴിഞ്ഞിട്ടില്ല. ജില്ലകളിൽ നടത്തിയ മാർക്കറ്റ് സർവ്വേ അനുസരിച്ച് കാർഷിക വ്യാപാര സാധ്യതകൾ മുഴുവൻ പ്രയോജനപ്പെടുത്തുന്നതിനും കൃഷിക്കാർക്ക് മാന്യമായ വില ഉറപ്പാക്കുന്നതിനും പെട്ടെന്ന് നശിച്ചുപോകുന്ന കാർഷിക

ഉൽപ്പന്നങ്ങൾക്ക് വില സ്ഥിരത ഉറപ്പാക്കി വിപണനം നടത്തുന്നതിനും പ്രസ്തുത വിളകൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിന് കൃഷിക്കാരെ പ്രാപ്തരാക്കുന്നതിനും ശീതീകരണ പ്ളാന്റ് അനിവാര്യമാണ്. മാറിയ ലോകക്രമത്തിൽ വ്യാപാര വാണിജ്യ രംഗത്തുണ്ടായി ക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ കൃഷിക്കാർക്ക് പ്രയോജന പ്പെടുത്തുന്നതിനും ജൈവ ഉൽപ്പന്നങ്ങളുടെ ആഗോള ഡിമാന്റ് കർഷകരുടെ അഭിവൃദ്ധിക്ക് പ്രയോജനപ്പെടുത്തുന്നതിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും ശീതീകരണ സംവിധാനം വളരെ പ്രധാനപ്പെട്ട നാഴികക്കല്ലായിരിക്കും. ഈ മാർക്കറ്റിലെ കയറ്റുമതി സാധ്യതകൾ പരിശോധിക്കുന്നതിനും ചർച്ച ചെയ്യുന്നതിനുമായി ജില്ലാ കളക്ടറുടേയും മാർക്കറ്റ് ഡയറക്ടറുടേയും സാന്നിദ്ധ്യത്തിൽ നടത്തിയ യോഗങ്ങളിൽ ഉയർന്നുവന്നിട്ടുള്ള തീരുമാനങ്ങൾ അനുസരിച്ച് അന്താരാഷ്ട്ര വ്യാപാരത്തിന്റെ സാധ്യതകൾ കാർഷിക മേഖലയിൽ പ്രയോജനപ്പെടുത്തുന്നതിനും കാർഷികോൽപ്പന്നങ്ങൾക്ക് വില സ്ഥിരത ഉറപ്പാക്കുന്നതിനും ശീതികരണ സംവിധാനത്തിന് കഴിയുമെന്നാണ് മനസ്സിലായിട്ടുള്ളത്. മേൽപ്പറഞ്ഞ വസ്തുതകൾ കണക്കിലെടുത്ത് മൂവാറ്റുപുഴ ഇ.ഇ.സി. മാർക്കറ്റ് കേന്ദ്രീകരിച്ച് ഒരു ശീതീകരണ സംവിധാനം പ്രാവർത്തികമാക്കിയാൽ കൃഷിയുടെ സമസ്ത മേഖലകളിലും പുരോഗതി കൈവരിക്കാൻ കഴിയും. സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ വിഷൻ 2005–2006 സാമ്പത്തിക വർഷത്തിൽ കൈതച്ചക്കയ്ക്കുള്ള ഒരു ഇന്റർ സ്റ്റേറ്റ് ഫാം ഹൗസ് നിർമ്മിക്കുവാൻ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. അതനുസരിച്ച് പൊതുമേഖല, വ്യക്തികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ

സഹകരണത്തോടുകൂടി മൂവാറ്റുപുഴ ഇ.ഇ.സി. മാർക്കറ്റിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതാണ്.

(18) ആറളം സ്റ്റേറ്റ് ഫാമിൽ ആദിവാസികൾക്ക് ഭൂമി നൽകേണ്ടതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

ശ്രീമതികെ.കെ. ശൈലജ ടീച്ചർ : ഫാമിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ 16 ഫാമുകളിൽ ഒന്നായിരുന്ന ആറളം ഫാം സ്റ്റേറ്റ് ഗവണ്മെന്റിനുവിട്ടുകിട്ടിയതിനുശേഷം പകുതി സ്ഥലം 43 കോടിരൂപയ്ക്ക് സർക്കാർ ഏറ്റെടുത്ത് ആദിവാസികൾക്ക് നൽകാൻ തീരുമാനമായെങ്കിലും ആവശ്യമായ പ്ലാനിംഗ് ഇല്ലാത്തതുകൊണ്ട് പട്ടയം കിട്ടിയ ആദിവാസികൾക്ക് ഭൂമി അളന്നു വേർതിരിച്ച് കൊടുക്കാത്തതിനാൽ ഫാമിലേയ്ക്ക് അനധികൃതമായ കൈയേറ്റം ഉണ്ടായിരിക്കുന്നു. കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സ്വത്തായി മാറേണ്ട, കാർഷിക ഗവേഷണ കേന്ദ്രമായി വളർത്തിയെടുക്കേണ്ട ആറളം ഫാം അരാജകത്വത്തിന് പാത്രമാകുമെന്നതിനാൽ അതിനെ രക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും അനർഹമായി ഫാം കൈയേറിയവരെ ഒഴിപ്പിച്ച് അർഹരായ ആദിവാസികൾക്ക് കൊടുക്കുകയും ശേഷിക്കുന്ന 3,500 ഏക്കർ സ്ഥലം കാർഷിക ഗവേഷണ കേന്ദ്രമായി വളർത്തിയെടുക്കാനുള്ള സംവിധാനമുണ്ടാക്കുകയും വേണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ.ബാലൻ) : സംസ്ഥാന സർക്കാർ വിലയ്ക്കുവാങ്ങിയ ആറളം ഫാമിൽ ആദിവാസികൾക്ക് വിതരണം ചെയ്യാൻ മാറ്റിവച്ചിട്ടുള്ള 3500 ഏക്കർ സ്ഥലത്തിന്റെ മൂന്നിലൊന്ന് ഭാഗം കണ്ണൂർ ജില്ലയിലുള്ള ഭൂരഹിതരായ ആദിവാസികൾക്കും രണ്ട് ഭാഗം വയനാട് ജില്ലയിലെ ഭൂരഹിതർക്കും

വിതരണം ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്. കണ്ണൂർ ജില്ലയിൽനിന്നും 2400 അപേക്ഷകൾ ലഭിച്ചതിൽ അർഹതപ്പെട്ട 840 പേർക്ക് ഇതിനോടകം ഭൂമി വിതരണം ചെയ്തുകഴിഞ്ഞു. ഈ നടപടികൾ പുരോഗമിച്ചുവരവേ ഏപ്രിൽ-മേയ് മാസങ്ങളിലായി ചില ആദിവാസി സംഘടനകളുടെ നേതൃത്വത്തിൽ ഭൂമി കയ്യേറ്റം നടത്തിയവരെ ഒഴിപ്പിക്കാൻ നടപടികൾ തുടങ്ങിയപ്പോൾ ആദിവാസി ഗോത്ര മഹാസഭ ഹൈക്കോടതിയിൽ റിട്ട് പെറ്റിഷൻ സമർപ്പിച്ചു. ഭൂമി വിതരണം സംബന്ധിച്ച് ബന്ധപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥരുമായി 6.6.2006-ൽ റവന്യൂ വകുപ്പുമന്ത്രിയും ഞാനും വിശദമായ ചർച്ച നടത്തിയിരുന്നു. യോഗ തീരുമാനപ്രകാരം 7.7.2006-ൽ കണ്ണൂരിൽവച്ച് ജനപ്രതിനിധികളുടെയും ആദിവാസി സംഘടനകളുടെയും രാഷ്ട്രീയ കക്ഷികളുടെയും സംയുക്ത യോഗം വിളിച്ചുചേർത്ത് രമ്യമായ തീരുമാനമുണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അനധികൃത കയ്യേറ്റമോ ആദിവാസികളല്ലാത്തവർക്ക് ഭൂമി കൈവശംവയ്ക്കാനുള്ള സൗകര്യമോ ഗവൺമെന്റ് ഉണ്ടാക്കുകയില്ല.

(19) <u>നെല്ല് സംഭരണത്തിലെ അപാകതകൾ</u>

<u>ശ്രീ. തോമസ് ചാണ്ടി</u> : കുട്ടനാട്ടിലെ നെൽക്കർഷകർക്ക് നെല്ല് ഉൽപ്പാദനത്തിന്റെ ചെലവനുസരിച്ച വില ലഭിക്കുന്നില്ല. ഇവരെ സഹായിക്കാൻ കഴിഞ്ഞവർഷം സിവിൽ സപ്ലൈസ് കോർപ്പറേഷനെ ക്കൊണ്ട് നെല്ല് എടുപ്പിച്ചുവെങ്കിലും നിശ്ചയിച്ച വില കർഷകർക്ക് ലഭിച്ചിരുന്നില്ല. മാർക്കറ്റിംഗ് സൊസൈറ്റി ഇതിൽ ഇടപ്പെട്ടതുമൂലം കർഷകർ ദുരിതത്തിലായി. ന്യായവിലയ്ക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നേരിട്ട് കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നതിന് നടപടി ഉണ്ടാകണം.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.സി.ദിവാകരൻ) : ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. നെൽകർഷകർ ഉൽപ്പാദനച്ചെലവിനേക്കാൾ കുറഞ്ഞ നിരക്കിൽ നെല്ല് വിൽക്കേണ്ടിവരുന്ന സാഹചര്യം നിലനിൽക്കുകയാണ്. ഗവൺമെന്റ് ഉത്തരവ് പ്രകാരം ജില്ലാ കളക്ടർ സിവിൽ സപ്ളൈസ് കോർപ്പറേഷൻവഴി ന്യായവിലയ്ക്ക് നെല്ല് സംഭരിച്ചുവെങ്കിലും സ്വകാര്യ മില്ലുകാർ തിരിമറി നടത്തി. അത് സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റമറ്റതാക്കി ഈ സംപ്രദായം തുടരാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

(20) കൂട്ടുമുഖം പി.എച്ച്.സി. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ.സി. ജോസഫ് : ഇരിക്കൂർ കൂട്ടുമുഖം പ്രൈമറി ഹെൽത്ത് സെന്ററിൽ 20 കിടക്കകളുള്ള വാർഡിന്റെയും ഡോക്ടർമാരുടെ ക്വാർട്ടേഴ്സിന്റെയും പണി പൂർത്തിയാക്കിയെങ്കിലും ഇപ്പോൾ ഫുൾടൈം ഡോക്ടേഴ്സില്ല. മലയോര മേഖലകളിലെ പി.എച്ച്.സി.കളിൽ ഫുൾടൈം ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാനും കൂട്ടുമുഖം പി.എച്ച്.സി. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്താനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : ഇരിക്കൂർ കൂട്ടുമുഖം പ്രൈമറി ഹെൽത്ത് സെന്റർ ഇന്ന് ശോചനീയാവസ്ഥയിലാണ്. ഡോക്ടർമാരുടെയും നഴ്സ്മാരുടെയും സ്ഥിര നിയമനത്തിനായി പി.എസ്.സി.യോട് ലിസ്റ്റ് തയ്യാറാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു മാസത്തിനുള്ളിൽ നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത സ്ഥാപനം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തുന്ന കാര്യം

ഇപ്പോൾ പരിഗണനയിലില്ലെങ്കിലും അപ്ഗ്രേഡ് ചെയ്യുന്ന കാര്യം ഭാവിയിൽ തീരുമാനിക്കാം.

(21) ഗുരുവായൂരിലെ കുടിവെള്ള പദ്ധതിയും അഴുക്കുചാൽ നിർമ്മാണ പദ്ധതിയും

ശ്രീ.കെ.വി.അബ്ദുൾ ഖാദർ : 1974-ൽ തുടങ്ങിയ ഗുരുവായൂർ അഴുക്കുചാൽ പദ്ധതി ഇതുവരെ പൂർത്തിയായിട്ടില്ല. വിവിധ വകുപ്പുകളുടെ ഏകോപനം സുസാധ്യമാക്കിക്കൊണ്ട് കേരളത്തിലെ പ്രധാനപ്പെട്ട ക്ഷേത്ര നഗരിയെ മാലിന്യമുക്തമാക്കാനും കുടിവെള്ളക്ഷാമം പരിഹരിക്കാനും നടപടി ഉണ്ടാകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.എൻ.കെ. പ്രേമചന്ദ്രൻ) : ഗുരുവായൂരിലെ 5 മുനിസിപ്പാലിറ്റികൾക്കും കടപ്പുറം, ഒരുമനയൂർ, പാവറട്ടി എന്നീ പഞ്ചായത്തുകൾക്കും പ്രയോജനപ്രദമായ 23.10 കോടി രൂപയുടെ പദ്ധതിക്ക് 2003-ൽ അനുമതി നേടാൻ കഴിയാത്തതിനാൽ അത് റിവൈസ് ചെയ്തു. പുതിയ പദ്ധതി ഗുരുവായൂർ മുനിസിപ്പാലിറ്റി, ഗുരുവായൂർ കോർപ്പറേഷൻ, വാട്ടർ അതോറിറ്റി, വനം, ദേവസ്വംബോർഡ് തുടങ്ങിയ വകുപ്പുകൾ ആനുപാതിക ക്രമത്തിലാണ് സാമ്പത്തിക വിഹിതം വഹിക്കേണ്ടത്. ട്രീറ്റ്മെന്റ് പ്ളാന്റിന്റെ പണി ടെണ്ടർ ചെയ്ത് വർക്ക് ഓർഡർ നൽകിയെങ്കിലും ഫണ്ടിന്റെ അഭാവംമൂലം പണി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ഗുരുവായൂർ ടൗണിനുവേണ്ടി 43.4 ലക്ഷം രൂപയുടെ എൽ.ഐ.സി. സഹായത്തോടെയുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതിക്ക് തുടക്കം കുറിച്ചെങ്കിലും പാരിസ്ഥിതിക തർക്കംമൂലം തടസ്സപ്പെട്ടു. അതിന്റെ എസ്റ്റിമേറ്റ് തുക വാട്ടർ അതോറിറ്റിയും ഗുരുവായൂർ മുനിസിപ്പാലിറ്റിയും

ഗുരുവായൂർ ദേവസ്വം ബോർഡും 3:3:4 എന്ന ക്രമത്തിൽ വഹിക്കേണ്ടതാണ്. ഗുരുവായൂർ അമ്പലത്തിലെ സ്വീവേജ് ലൈനുകളും മാൻഹോളുകളും പുതുക്കി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രവർത്തനങ്ങൾ മുന്നോട്ടുപോകും.

### (22) തെരുവ് നായ്ക്കളുടെ ശല്യംമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ

ശ്രീ.എം.ഉമ്മർ : സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാൽ പൊതുജനങ്ങൾ വളരെയേറെ ബുദ്ധിമുട്ടുന്നു. പഞ്ചായത്തുകൾക്ക് ഇതിന്റെ ചുമതലയുണ്ടെങ്കിലും കേന്ദ്ര നിയമം നിലവിലുള്ളതുകൊണ്ട് നടപ്പാക്കാൻ കഴിയുന്നില്ല. പഞ്ചായത്തുകളെ ക്കൊണ്ട് ഈ ചുമതല നിർവ്വഹിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി ആക്ട് പ്രകാരം തെരുവ് നായ്ക്കളെ നശിപ്പിച്ചിരുന്നുവെങ്കിലും മുൻ കേന്ദ്രമന്ത്രിയുടെ നിർദ്ദേശം അനുസരിച്ച് ഈ നടപടി നിർത്തിവച്ചു. 2001–ലെ അനിമൽ ബർത്ത് കൺട്രോൾ (ഡോഗ്) റൂൾസ് അനുസരിച്ച് തെരുവ് നായ്ക്കളെ വന്ധീകരിച്ച് പേവിഷത്തിനെതിരെ കുത്തിവയ്പ് നടത്തി തിരിച്ചടയാളം നൽകി പിടിച്ച സ്ഥലത്തുതന്നെ തിരിച്ചുവിടുന്ന അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം നടപ്പാക്കാൻ നിർദ്ദേശം ലഭിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ മൃഗക്ഷേമ സംഘടനകളുടെ സഹായത്തോടെ ഈ പദ്ധതി നടപ്പാക്കണമെന്നാണ് നിർദ്ദേശം. മൃഗസംരക്ഷണ വകുപ്പ്

തദ്ദേശഭരണ സ്ഥാപനത്തിന്റെ സഹായത്തോടെ വിവിധ പ്രദേശങ്ങളിൽ ഈ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(23) <u>ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ</u>

<u>ശ്രീ.റോഷി അഗസ്റ്റിൻ</u> : കാർഷിക മേഖലയുടെ തകർച്ചമൂലം കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ ഇന്ന് പ്രതിസന്ധിയിലാണ്. മിൽമാ പാലിന് വില കൂട്ടിയിട്ടും ജൂൺ 1-ാം തീയതി മുതൽ ക്ഷീര കർഷകർ വിതരണം ചെയ്യുന്ന പാലിന് 50 പൈസ കുറയ്ക്കാൻ തീരുമാനിച്ചിരിക്കുന്ന നടപടി പുന:പരിശോധിച്ച് ന്യായവില ലഭ്യമാക്കാനും ക്ഷീരകർഷകരുടെ ക്ഷേമനിധി വിഹിതം 30 പൈസയാക്കി ഉയർത്താനും ജില്ലയിലെ എം.എൽ.എ.മാരുടെയും ജനപ്രതിനിധികളുടെയും യോഗം വിളിച്ച് ചർച്ച ചെയ്ത് നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. സി. ദിവാകരൻ)</u> : ഈ പ്രശ്നം സർക്കാരിന്റെ സജീവ പരിഗണന യിലാണ്. മിൽമ പാലിന്റെ വില കൂട്ടുന്നതും കുറയ്ക്കുന്നതും തുടർ നടപടിയാണെങ്കിലും ക്ഷീര കർഷകരെ സഹായിക്കാൻവേണ്ടി ഉൽപ്പാദനം കുറയുമ്പോൾ അത് കോമ്പൻസേറ്റ് ചെയ്യാൻ ബോണസ് സമ്പ്രദായം നിലവിലുണ്ട്. എം.എൽ.എ.മാരെയും മറ്റ് ബന്ധപ്പെട്ടവരെയും വിളിച്ചുകൂട്ടി ചർച്ച ചെയ്ത് പുതിയ മാർഗ്ഗം കണ്ടെത്തുന്നതാണ്.

(24) <u>മാറാട് അന്വേഷണ കമ്മീഷൻ റിപ്പോർട്ട്</u>

<u>ശ്രീ. പി. ജയരാജൻ</u>: കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ട് അനുസരിച്ച് മാറാട് കലാപത്തെക്കുറിച്ച് അന്വേഷിക്കാൻ ചുമതലപ്പെടുത്തിയ ജസ്റ്റീസ് ജോസഫ് കമ്മീഷൻ യു.ഡി.എഫ്. ഗവൺമെന്റിനാണ് റിപ്പോർട്ട് നൽകിയത്. ആ സർക്കാർ അത് പരിശോധിച്ച് നടപടി സ്വീകരിച്ചില്ല.

മാറാട് കമ്മിഷൻ റിപ്പോർട്ട് പൊതുരേഖയാണെന്നാണ് വിവരാവകാശ കമ്മിഷൻ പറയുന്നത്. ഗവണ്മെന്റിന് മൂന്ന് മാസം മുമ്പ് സമർപ്പിച്ചിട്ടുള്ള പ്രസ്തുത റിപ്പോർട്ട് സഭയിൽ വച്ചാൽ മാത്രമേ പൊതുരേഖയാകുകയുള്ളൂ. അതിനു മുമ്പ് കൊടുക്കണമെന്ന് പറയുന്നത് സഭയുടെ അവകാശത്തിന്റെ പ്രശ്നമാണ്. അതിനെക്കുറിച്ച് ചെയർ പരിശോധിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>: 1952-ലെ കമ്മിഷൻ ഓഫ് എൻക്വയറീസ് ആക്ട് പ്രകാരം കമ്മിഷൻ റിപ്പോർട്ട് ലഭിച്ച് ആറ്മാസത്തിനകം റിപ്പോർട്ടിന്മേൽ കൈക്കൊണ്ട നടപടികളുടെ മെമ്മോറാണ്ടം സഹിതം സഭയ്ക്ക് സമർപ്പിക്കേണ്ടതാണ്. മാറാട് കമ്മിഷൻ റിപ്പോർട്ട് 20-2-06-നാണ് സർക്കാരിന് ലഭിച്ചത്. ആറ്മാസത്തിനകം സഭയിൽ സമർപ്പിക്കാൻ ഉദ്ദേശിക്കുന്നതുകൊണ്ട് റിപ്പോർട്ടിന്റെ ഉള്ളടക്കം അതിനു മുമ്പ് കൊടുക്കാൻ നിർവ്വാഹമില്ലെന്ന കാര്യം വിവരാവകാശ കമ്മിഷനെ അറിയിക്കുന്നതാണ്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ.എം.വിജയകുമാർ):</u> ഇത് സഭയെ ബാധിക്കുന്ന പ്രിവിലേജ് ഇഷ്യൂ ആയതുകൊണ്ട് അങ്ങയുടെ റൂളിംഗ് ആവശ്യമാണ്.

<u>മി. സ്പീക്കർ:</u> ഇപ്പോൾ റൂളിംഗ് നൽകുന്നില്ല. പരിശോധിക്കുന്നതാണ്.

(25) <u>വൈപ്പിൻ നിവാസികൾ അനുഭവിക്കുന്ന യാത്രാക്ളേശം.</u>

<u>ശ്രീ. എം.കെ.പുരുഷോത്തമൻ:</u> എറണാകുളം പാലത്തിന്റെ നിർമ്മാണത്തോടുകൂടി വൈപ്പിൻകരയിലെ യാത്രാക്ളേശത്തിന് പരിഹാരമുണ്ടാകുമെന്ന് കരുതിയെങ്കിലും നഗരത്തിന്റെ വിവിധ മേഖലകളിലേയ്ക്ക് ബസ്സുകൾ

എത്തുന്നില്ല. അവിടത്തെ യാത്രാക്ളേശം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ഈ മേഖലയിൽ അനുവദിക്കാവുന്ന സ്റ്റേജ് ക്യാര്യേജ് പെർമിറ്റുകളുടെ എണ്ണം 630 ആയി നിജപ്പെടുത്തിയിട്ടുള്ളതിനാൽ കൂടുതൽ ബസ്സുകൾ വൈപ്പിനിൽ നിന്നും എറണാകുളം സിറ്റിയിലേയ്ക്ക് ഓടുന്നതിന് നിയമപരമായ തടസ്സമുണ്ട്. റോഡിന്റെ നിലവാരം, വാഹനങ്ങളുടെ എണ്ണം എന്നിവ പരിഗണിച്ച് ഇത് പുനഃക്രമീകരിക്കാവുന്നതാണ്. ഗോശ്രീ പാലം വഴി ബസ്സുകൾ എറണാകുളം നഗരത്തിലേയ്ക്ക് കടത്തിവിടുമ്പോൾ ഗുരുതരമായ ഗതാഗതപ്രശ്നങ്ങളുണ്ടാകുമെന്നുള്ളതിനാൽ ബസ്സുകൾ കടത്തിവിടാൻ അനുവദിക്കരുതെന്ന് കാണിച്ചുകൊണ്ടുള്ള സിറ്റി പോലീസ് കമ്മീഷണറുടെ കത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം ആർ.ടി.ഒ.യുടെ നേതൃത്വത്തിൽ വിശദമായ ആലോചനയ്ക്കും പഠനത്തിനുമായി മാറ്റിവച്ചിരിക്കുന്നു. ആർ.ടി.ഒ.-യുടെ തീരുമാനമറിഞ്ഞശേഷം ഇക്കാര്യത്തിൽ എന്തു ചെയ്യാൻ കഴിയുമെന്നുള്ളത് പരിശോധിക്കുന്നതാണ്.

(26) പാറശ്ശാലയിലും സമീപപ്രദേശങ്ങളിലും പടർന്നുപിടിക്കുന്ന 'ചിക്കൻ ഗുനിയ' രോഗം.

ശ്രീ.ആർ.സെൽവരാജ്: പാറശ്ശാലയിലും പരിസരപ്രദേശങ്ങളിലും പടർന്നുപിടിക്കുന്ന 'ചിക്കൻ ഗുനിയ' രോഗം ചികിൽസിക്കാനും ബോധവൽക്കരണം നടത്താനും രോഗമുണ്ടോയെന്നറിയാനുള്ള രക്ത പരിശോധന നടത്താനും ഡോക്ടർമാരോ ജീവനക്കാരോ പാറശ്ശാല സർക്കാർ ആശുപത്രിയിലില്ല. ആയതിനാൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന

അത്യാഹിത യൂണിറ്റ് സ്ഥാപിച്ച് ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കാനും ചിക്കൻ ഗുനിയ പോലുള്ള മാരകമായ രോഗങ്ങൾ വരുന്നവർക്ക് ചികിൽസ ലഭ്യമാക്കാനും നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ.എ.കെ.ബാലൻ):</u> ചിക്കൻ ഗുനിയ രോഗലക്ഷണമെന്ന് സംശയിക്കുന്ന ഏഴ് ആളുകൾ പാറശ്ശാല ഗവണ്മെന്റ് ആശുപത്രിയിൽ ചികിൽസയ്ക്കെത്തിയതിൽ മൂന്ന് പേരെ അഡ്മിറ്റ് ചെയ്യുകയും ഒരാളെ എസ്.എ.ടി. ആശുപത്രിയിലേയ്ക്ക് റഫർ ചെയ്യുകയും ബാക്കിയുള്ളവരെ ഒ.പി. വിഭാഗത്തിൽ ചികിൽസിക്കുകയും ചെയ്തിട്ടുണ്ട്. വിശദപരിശോധനയ്ക്കായി ഇവരുടെ രക്തം പൂനയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ അയച്ചിട്ടുണ്ട്.

### (27) <u>വർക്കല ഭാഗത്തുള്ള കെ.എസ്.ആർ.ടി.സി. ട്രിപ്പുകൾ മുടങ്ങുന്നതു സംബന്ധിച്ച്.</u>

(

<u>ശ്രീ.വർക്കല കഹാർ</u>: പാപനാശവും ജനാർദ്ദനസ്വാമി ക്ഷേത്രവും ശ്രീനാരായണഗുരു സമാധിസ്ഥലവും സ്ഥിതി ചെയ്യുന്ന വർക്കല പ്രദേശത്ത് ബസ് സർവ്വീസുകൾ ക്യാൻസൽ ചെയ്യുകയാണ്. ഈ പ്രദേശത്തിന്റെ പ്രാധാന്യം പരിഗണിച്ച് നിലവിലുള്ള ബസ് സർവ്വീസുകൾ കൃത്യമായി നടത്താനും പുതിയ സർവ്വീസുകൾ ആരംഭിക്കാനും നടപടികൾ സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. മാത്യു ടി.തോമസ്):</u> ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും വർക്കല ഭാഗത്തേയ്ക്കുള്ള 41 ട്രിപ്പുകളിൽ 35 ട്രിപ്പുകളും കൃത്യമായി ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ഈ സർവ്വീസുകൾ പൊതുവേ വരുമാനം കുറവുള്ളതായി

കാണുന്നു. ചരിത്രപ്രാധാന്യമുള്ള ഈ മേഖലയിലെ ഏതെങ്കിലും പ്രദേശത്ത് യാത്രാക്ളേശമുള്ളതായി ശ്രദ്ധയിൽപ്പെടുത്തിയാൽ പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(28) വണ്ടൻമേട്ടിലെ ജില്ലാ ടി.ബി. സെന്റർ വാടകക്കെട്ടിടത്തിലേയ്ക്ക് മാറ്റിയത് സംബന്ധിച്ച്.

ശ്രീ. കെ.കെ. ജയചന്ദ്രൻ: വണ്ടൻമേട്ടിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ടി.ബി. സെന്റർ 50 കിലോമീറ്റർ അകലെയുള്ള വാടകക്കെട്ടിടത്തിലേയ്ക്ക് മാറ്റിയത് തിരികെ വണ്ടൻമേട്ടിൽത്തന്നെ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ.എ.കെ.ബാലൻ): വണ്ടൻമേട് ടി.ബി. യൂണിറ്റിൽ മെഡിക്കൽ ഓഫീസർ, സീനിയർ ട്രീറ്റ്മെന്റ് സൂപ്പർവൈസർ, ലബോറട്ടറി സൂപ്പർവൈസർ എന്നീ ഉദ്യോഗസ്ഥർ ഇപ്പോഴും ഉണ്ട്. അവിടെ രോഗികൾക്ക് ചികിൽസ ലഭിക്കുന്നുണ്ട്.

(29) കുന്നത്തുനാട് മലയിടംതുരുത്ത് പി.എച്ച്.സി.-യിലെ ഡോക്ടർക്കെതിരെയുണ്ടായ ആക്ഷേപം.

ശ്രീ.എം.എം.മോനായി: മലയിടം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ 29-5-06-ൽ ചികിൽസയ്ക്കായി വന്ന രോഗിയായ സ്ത്രീയെ മാനഭംഗപ്പെടുത്തിയ ഡോ. ശ്രീനിവാസനെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തെങ്കിലും ഡിപ്പാർട്ട്മെന്റ് തലത്തിൽ നടപടി സ്വീകരിച്ചിട്ടില്ല; ഡിപ്പാർട്ട്മെന്റ് തലത്തിൽ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ):

I.P.C.354 r/w.Section 34 പ്രകാരം ഡോക്ടറുടെ പേരിൽ കേസ് എടുക്കുകയും എറണാകുളം ജില്ലയ്ക്ക് പുറത്ത് സ്ഥലം മാറ്റാൻ നിർദ്ദേശം കൊടുക്കുകയും പോലീസ് റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(30) ആലപ്പുഴയിലെ കുടിവെള്ളപ്രശ്നം.

ശ്രീ. കെ.സി. വേണുഗോപാൽ: ഫ്ളൂറൈഡ് കണ്ടന്റ് കൂടുതലുള്ളതും സാംക്രമികരോഗങ്ങൾ കൂടുതലായി വരുന്ന ഏരിയയുമായ ആലപ്പുഴ ജില്ലയിൽ മൂന്ന്കൊല്ലം മുമ്പ് ആരംഭിച്ച കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം വായ്പ കിട്ടാത്തതുമൂലം നടക്കുന്നില്ല. വായ്പ ലഭ്യമാക്കാനായി അടിയന്തിരയോഗം വിളിച്ചുകൂട്ടാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീഎൻ.കെ.പ്രേമചന്ദ്രൻ): 156.6 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഹഡ്കോയുടെ സാമ്പത്തിക സഹായത്തോടുകൂടിയുള്ള പ്രസ്തുത പദ്ധതിക്ക് വായ്പ ലഭ്യമാക്കുന്ന കാര്യം ചർച്ച ചെയ്യുന്നതിന് ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുടെ യോഗം വിളിച്ചുകൂട്ടാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(31) കുറവ സമുദായങ്ങൾക്ക് ജാതിസർട്ടിഫിക്കറ്റ് ലഭിക്കാത്തതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ.ടി.പി.കുഞ്ഞുണ്ണി: പാലക്കാട് ജില്ലയിലെ തിരുമറ്റക്കോട് വില്ലേജിലെ പട്ടികജാതിയിൽപ്പെട്ട കുറവ സമുദായക്കാർക്ക് 2006 ജനുവരി വരെ കിട്ടിക്കൊണ്ടിരുന്ന ജാതി സർട്ടിഫിക്കറ്റ് ഇപ്പോൾ നിഷേധിച്ചിരിക്കുന്നതുമൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ.എ.കെ.ബാലൻ): പട്ടികജാതിയിൽപ്പെട്ട കുറവ സമുദായക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കണമെന്ന് ആറ് കുടുംബങ്ങൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ ഇവരുടെ പട്ടികജാതി അവകാശം സംശയാസ്പദമാണെന്നാണ് റവന്യൂ അധികാരികൾ കണ്ടെത്തിയിരിക്കുന്നത്. കൂടുതൽ അന്വേഷണം നടത്താനായി കിർത്താഡ്സിനെ (KIRTADS) ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചാൽ നടപടി സ്വീകരിക്കുന്നതാണ്.

(32) മാവേലിക്കര റസ്റ്റ്ഹൗസ് കോമ്പൗണ്ടിൽക്കൂടി സ്വകാര്യവ്യക്തി റോഡ് നിർമ്മിച്ചതു സംബന്ധിച്ച്

ശ്രീ.എം.മുരളി: മാവേലിക്കര റസ്റ്റ്ഹൗസ് ഉൾപ്പെടെയുള്ള സർക്കാരാഫീസുകൾ പ്രവർത്തിച്ചുവരുന്ന സ്ഥലത്തുകൂടി റോഡ് വെട്ടുകയും അവിടത്തെ മതിൽ പൊളിച്ച് വാഹനങ്ങൾ പോകുകയും ചെയ്യുന്ന സ്ഥിതിവിശേഷം കർശനമായി തടയാനും പി.ഡബ്ളിയു.ഡി. സ്ഥലം വീണ്ടെടുക്കാനും നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ.പി.ജെ.ജോസഫ്): പ്രസ്തുത സ്ഥലം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എൻജിനീയർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ റസ്റ്റ്ഹൗസ് കോമ്പൗണ്ടിന്റെ മതിൽ അടിയന്തിരമായി കെട്ടുന്നതിനാവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(33) <u>രാജാരവിവർമ്മയ്ക്ക് സ്മാരകം</u>

<u>ശ്രീ.എൻ. രാജൻ:</u> ലോകപ്രശസ്ത ചിത്രകാരനായ രാജാരവിവർമ്മ യുടെ ജന്മസ്ഥലമായ കിളിമാനൂർ കൊട്ടാരം 1987–ൽ ഗവണ്മെന്റ് ഏറ്റെടുത്തതാണ്. അവിടെ അദ്ദേഹത്തിന്റെ പേരിൽ ഒരു ചരിത്രസ്മാരകം നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി):</u> കിളിമാനൂർ കൊട്ടാരത്തെ സംരക്ഷിതസ്മാരകമാക്കി മാറ്റാനുള്ള കരട് നിയമം നിയമവകുപ്പ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ എഴുതിത്തന്നതുപ്രകാരം അന്തരിച്ചുപോയ വി.എസ്. വല്യത്താന്റെ അനന്തരാവകാശികൾക്ക് കിളിമാനൂർ കൊട്ടാരത്തിൽ വച്ച് രാജാരവിവർമ്മ പുരസ്ക്കാരം കൊടുക്കുന്ന കാര്യം പരിഗണിക്കാം.

(34) <u>കാസർഗോഡ് ജില്ലയിലെ മറാഠി സമുദായത്തെ എസ്.ടി. ലിസ്റ്റിൽ നിന്നും ഒഴിവാക്കിയത് സംബന്ധിച്ച്</u>

<u>ശ്രീ. കെ.വി. കുഞ്ഞിരാമൻ:</u> കാസർഗോഡ് ജില്ലയിലെ നാൽപ്പതിനായിര ത്തോളം വരുന്ന മറാഠി സമുദായത്തെ 1950 മുതൽ 2002 വരെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ ലഭിച്ചിരുന്നതാണ്. എന്നാൽ കിർത്താഡ്സിന്റെ തെറ്റായ പഠനതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ അവരെ പട്ടികവർഗ്ഗ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിരിക്കുകയാണ്. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കംനിൽക്കുന്ന ആ വിഭാഗത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ.കെ. ബാലൻ):</u> മറാഠി സമുദായത്തിന്റെ സാമൂഹ്യാവസ്ഥയെക്കുറിച്ച് കിർത്താഡ്സ്

നടത്തിയ പഠനത്തിൽ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളനുസരിച്ച് ഈ സമുദായത്തെ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്താൻ പറ്റില്ലെന്നുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവണ്മെന്റ് നൽകിയ ശുപാർശ കണക്കിലെടുത്താണ് പട്ടികജാതി-പട്ടികവർഗ്ഗ ഉത്തരവ് ഭേദഗതി ആക്ട് 2002 പ്രകാരം ഈ സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ നിന്ന് നീക്കം ചെയ്യാനായി കേന്ദ്രഗവണ്മെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഈ സമുദായത്തിന് ഒ.ഇ.സി. വിഭാഗത്തിന് കിട്ടുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. മറ്റാനുകൂല്യങ്ങൾ സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

(35) <u>തിരൂർ താലൂക്കാശുപത്രിയുടെ ശോച്യാവസ്ഥ</u>.

<u>ശ്രീ.പി.പി. അബ്ദുള്ളക്കുട്ടി:</u> ദിവസേന 1300-ഓളം രോഗികൾ എത്തുന്ന തിരൂർ താലൂക്കാശുപത്രിയിൽ മെഡിക്കൽ സൂപ്രണ്ടും ദന്തൽ ഡോക്ടറുമൊഴികെ എട്ട് ഡോക്ടർമാർ മാത്രമാണ് രോഗികളെ പരിശോധിക്കാനുള്ളത്. ആയതിനാൽ അവിടെ ഒരു കാഷ്വാലിറ്റി വിഭാഗം തുടങ്ങാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ.എ.കെ.ബാലൻ):</u> 164 കിടക്കകളും ആംബുലൻസ്, മോർച്ചറി തുടങ്ങിയ സൗകര്യങ്ങളും തിരൂർ താലൂക്കാശുപത്രിയിലുണ്ട്. 5 സിവിൽ സർജൻ, 6 അസിസ്റ്റന്റ് സർജൻ, ഒരു ദന്തൽ സർജൻ എന്നിങ്ങനെ 12 ഡോക്ടർമാരുടെ തസ്തികകളിൽ രണ്ട് സിവിൽ സർജൻമാരുടെ ഒഴിവുകളിൽ ദിവസവേതന വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ട്. മറ്റ് പ്രശ്നങ്ങൾ ഗവണ്മെന്റ് പരിഗണിക്കുന്നതാണ്.

(36) ചേർത്തല താലൂക്കിലെ കുടിവെള്ളക്ഷാമം.

ശ്രീ.പി.തിലോത്തമൻ: ചേർത്തല താലൂക്കിലെ കുടിവെള്ളപ്രശ്നം പരിഹരിക്കാൻ ആവിഷ്ക്കരിച്ച ജെ.ബി.ഐ.സി. പദ്ധതി പൂർത്തീ കരിക്കുന്നതിനും ഇതുവരെ നടന്ന പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ റിവ്യൂ ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ജെ.ബി.ഐ.സി. സഹായത്തോടെ ചേർത്തല മുനിസിപ്പാലിറ്റിക്കും 18 പഞ്ചായത്തുകൾക്കും വേണ്ടി തയ്യാറാക്കിയ സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ആവശ്യമെങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഉന്നതതലയോഗം വിളിക്കാൻ ഗവണ്മെന്റ് സന്നദ്ധമാണ്.

(37) നെടുമങ്ങാട്-ചെങ്കോട്ട റോഡിലെ ഇരുമ്പ് പാലത്തിന്റെ ശോച്യാവസ്ഥ.

ശ്രീമതി ജെ. അരുന്ധതി: നെടുമങ്ങാട്-ചെങ്കോട്ട റോഡിലെ ചിപ്പൻചിറ പ്രദേശത്തെ ഇരുമ്പ് പാലത്തിൽ വിള്ളൽ വീണതിന്റെ ഫലമായി സ്തംഭിച്ചിരിക്കുന്ന ഗതാഗതം പുന:സ്ഥാപിക്കാനും പാലത്തിന്റെ വിള്ളൽ മാറ്റാനും അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ പി.ജെ.ജോസഫ്): ചീഫ് എൻജിനീയർക്ക് പ്രസ്തുത സ്ഥലം സന്ദർശിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. 24 മണിക്കൂറിനകം ഗതാഗതം പുന:സ്ഥാപിക്കുന്നതിനും പാലം പുതുക്കിപ്പണിയുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

**പ്രത്യേക പരാമർശം**

മൈത്രിഭവന പദ്ധതി സംബന്ധിച്ച ക്രമക്കേടുകൾ.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: മൈത്രിഭവന പദ്ധതി നടത്തിപ്പിനെക്കുറിച്ച് ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് നടത്തിയ പരിശോധനയിൽ അഴിമതിയോ സ്വജനപക്ഷപാതമോ നടന്നിട്ടില്ലായെന്ന് ഇവിടെ പ്രസ്താവിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പിൽ ക്രമക്കേടുകൾ ഉള്ളതായി കാണാൻ കഴിയുന്നു. വസ്തുതാവിരുദ്ധമായ മറുപടിയാണ് ബഹുമാനപ്പട്ട മന്ത്രി നൽകിയിരിക്കുന്നത്.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): 22 പേജുള്ള പ്രസ്തുത റിപ്പോർട്ടിൽ ഒരു സ്ഥലത്തും അഴിമതിയോ സ്വജനപക്ഷപാതമോ വ്യാപകമായ ക്രമക്കേടോ നടന്നതായി പറഞ്ഞിട്ടില്ല. അതു മൂടിവച്ചുകൊണ്ട് രാഷ്ട്രീയമായ പ്രസ്താവനകളുടെ വേദിയാക്കി സഭയെ മാറ്റാതിരിക്കാൻ ശ്രദ്ധിക്കണം.

മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം

ആരോഗ്യപരമായ കാരണങ്ങളാൽ നിയമസഭായോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ ശ്രീ. മത്തായി ചാക്കോയ്ക്ക് അനുവാദം നൽകുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സഭയുടെ സമ്മതം ആരായുകയും അദ്ദേഹത്തിന് ലീവ് അനുവദിക്കുകയും ചെയ്തു.

മി.സ്പീക്കർ: ഇന്ന് 12.30–ന് സഭ പിരിയേണ്ടതുകൊണ്ടും നിയമനിർമ്മാണം നടപ്പിലാക്കേണ്ടതുകൊണ്ടും അനൗദ്യോഗികാംഗങ്ങളുടെ കാര്യം അടുത്ത പ്രാവശ്യത്തേയ്ക്ക് മാറ്റിവയ്ക്കുന്നു.

നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ചോദ്യോത്തരസമയം കഴിഞ്ഞ് സീറോഅവർ ഉൾപ്പെടെ അരമണിക്കൂർകൊണ്ട് അജണ്ടയിൽ പറഞ്ഞിരിക്കുന്ന ശ്രദ്ധക്ഷണിക്കൽ, മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ, തുടങ്ങിയവ കഴിഞ്ഞ് 10.00 മണിക്ക് മറ്റു ബിസിനസ്സുകളിലേയ്ക്ക് കടക്കാൻ കഴിയില്ല. അതുകൊണ്ട് റൂൾസിൽ ആവശ്യമായ മാറ്റം വരുത്തണം.

മി. സ്പീക്കർ: റൂൾസ് കമ്മിറ്റി ചേർന്ന് ആവശ്യമെങ്കിൽ മാറ്റം വരുത്താവുന്നതാണ്.

**നിയമനിർമ്മാണകാര്യം**

2006–ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് 2–ാം നമ്പർ)ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2006–ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് 2–ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2006–ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് 2–ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം.വിജയകുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ.ബി.ബാബു പ്രസാദ്: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ജനകീയാസൂത്രണത്തിനുവേണ്ടി ബഡ്ജറ്റിൽ ആവശ്യമായ തുക വക യിരുത്തിയിട്ടില്ലാത്ത ഈ ബഡ്ജറ്റിലുടനീളം മുൻഗവൺമെന്റിന്റെ തെറ്റുകളും കുറ്റങ്ങളുമാണ് പറഞ്ഞിരിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്ന് 42 ദിവസം കഴിഞ്ഞിട്ടും ഉദ്യോഗസ്ഥ വൃന്ദത്തിന്റെ തലപ്പത്തിരിക്കുന്നവരെ മാറ്റാൻ കഴിയാത്തത് ഒരു ഭാഗത്ത് മുൻ സർക്കാരിന്റെ പ്രവർത്തികളെ എതിർക്കുകയും മറുഭാഗത്ത് അതേ സമീപനം കൈക്കൊള്ളുകയും ചെയ്യുന്നതുകൊണ്ടാണ്. ദേവസ്വം ബോർഡിൽ സംവരണം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് എൽ.ഡി.എഫ്.ന്റെ പ്രഖ്യാപനം വന്നുവെങ്കിലും ശാന്തിക്കാർക്ക് സംവരണമില്ലെന്നാണ് പറയുന്നത്.

ശ്രീ.എ.എം.യൂസഫ്: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള നികുതി പിരിക്കുന്നതിനോ അത് ഉപയോഗിച്ചുകൊണ്ടുള്ള വികസന പ്രവർത്തനം നടത്തുന്നതിനോ യു.ഡി.എഫ്. ഭരണകാലത്ത് കഴിഞ്ഞിട്ടില്ല. യു.ഡി.എഫ്. ഭരണകാലത്ത് വ്യവസായങ്ങളാകെ തകർക്കപ്പെട്ടു, പരമ്പരാഗത മേഖല ഇല്ലാതാക്കപ്പെട്ടു, ഹെഡ്‌ലോഡ് വർക്കേഴ്സിനെതിരെ നിയമം കൊണ്ടുവന്നു, എല്ലാത്തരം തൊഴിലാളികളെയും ദ്രോഹിക്കുന്ന നടപടി സ്വീകരിച്ചു,. മത്സ്യത്തൊഴിലാളി കൾക്ക് ഒരു ആനുകൂല്യവും നൽകിയില്ല. കർഷകത്തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മാ വേതനം, വിധവാ പെൻഷൻ, അഗതി പെൻഷൻ തുടങ്ങിയ

ഒരു ആനുകൂല്യവും നൽകിയിട്ടില്ല. കാർഷിക മേഖലയിൽ ജനകീയാസൂത്രണംവഴി കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യം നടപ്പിലാക്കാത്ത തിന്റെ ഫലമായി കാർഷികോല്പാദനത്തിൽ കുറവുവന്നു. വിദ്യാഭ്യാസ മേഖലയിൽ എല്ലാ ജനവിഭാഗങ്ങൾക്കും സ്വീകാര്യമായ, പ്രത്യേകിച്ചും പാവപ്പെട്ടവർക്ക് ഗുണം ചെയ്യുന്ന ഒരു ബിൽ കൊണ്ടുവരാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് കഴിഞ്ഞു. ഇവിടെ അവതരിപ്പിച്ച ധനവിനിയോഗ ബില്ലിൽ ഗവൺമെന്റിന് പ്രവർത്തിക്കാനുള്ള ഫണ്ട് പിരിച്ചെടുക്കാൻ കഴിയുമെന്നുള്ള കാഴ്ചപ്പാടും വിശ്വാസവുമുണ്ട്. സ്വർണ്ണ വ്യാപാരികളിൽനിന്നും പിരിച്ചെടുക്കുന്ന നികുതി കർഷകത്തൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നതിന് വിനിയോഗിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. കേരളത്തിന്റെ സമഗ്ര വികസനത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള ബഡ്ജറ്റിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മുൻ എൽ.ഡി.എഫ്. ഭരണകാലത്ത് പരമ്പരാഗത മേഖലകളായ കയർ, കശുവണ്ടി, കൈത്തറി, മത്സ്യബന്ധനം തുടങ്ങി എല്ലാ മേഖലകളിലും വളരെയധികം ആനുകൂല്യങ്ങൾ കൊടുത്തു. പ്രാദേശിക തലത്തിൽ ജനങ്ങൾക്ക് ലഭിക്കേണ്ട ന്യായമായ വ്യക്തിഗത ആനുകൂല്യങ്ങളും വികസന പ്രവർത്തനങ്ങളും ഇല്ലാതെയാക്കുന്ന സമീപനമാണ് യു.ഡി.എഫ്. ഭരണകാലത്ത് ഉണ്ടായത്. ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിൽ ജനകീയാസൂത്രണം പുന:സ്ഥാപിക്കുന്നതു സംബന്ധിച്ചും വികസന പ്രവർത്തനങ്ങളെക്കുറിച്ചും പറയുന്നുണ്ട്. എ.കെ.ജി.യെ പോലുള്ള നേതാക്കൾ പാർലമെന്റിൽ കർശന നിലപാട് എടുത്തതുകൊണ്ടാണ് കർഷകർക്കും മറ്റ് തൊഴിലാളികൾക്കും മെച്ചപ്പെട്ട ആനുകൂല്യം,

വഴിനടക്കാനുള്ള സ്വാതന്ത്ര്യം എന്നിവ ലഭിച്ചത്. അതുകൊണ്ട് കർഷക ത്തൊഴിലാളി ക്ഷേമത്തെ അടിസ്ഥാനപ്പെടുത്തി ഇടതുപക്ഷ ജനാധിപത്യ മുന്നണി നടത്തുന്ന സമരങ്ങളെ ആക്ഷേപിക്കുന്നത് ശരിയല്ല. ധനവിനിയോഗ ബില്ലിൽ പറഞ്ഞിട്ടുള്ള മുഴുവൻ കാര്യങ്ങളും 5 കൊല്ലംകൊണ്ട് നടപ്പിലാക്കുമെന്ന കാര്യത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റിന് പൂർണ്ണവിശ്വാസമുണ്ട്. കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ പുതിയ ഉണർവ്വുണ്ടാക്കാനും കർഷകരെയും തൊഴിലാളി കളെയുമൊക്കെ സഹായിക്കാനും ഈ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള മുഴുവൻ കാര്യങ്ങളും നടപ്പിലാക്കുമെന്നുള്ള കാര്യം ഉറപ്പാണ്.

<u>ശ്രീ. സി.ടി. അഹമ്മദ് അലി:</u> ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ആഡംബര വസ്തുക്കൾക്കു മാത്രമാണ് നികുതി ചുമത്തിയിരിക്കുന്നതെന്ന് പറയുന്നുണ്ടെങ്കിലും സാധാരണക്കാർ ഉപയോഗിക്കുന്ന മിക്ക സാധനങ്ങൾക്കും ഇത് ബാധകമായിരിക്കുകയാണ്. നികുതി വർദ്ധിപ്പിക്കുന്ന തിനുപകരം നികുതി ചോർച്ച തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. നിയമസഭ പാസ്സാക്കിയ 2006-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനം നിയന്ത്രിക്കലും ചൂഷണരഹിതഫീസ് നിശ്ചയിക്കലും പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്നതിനുള്ള മറ്റ് നടപടികളും) ബിൽ ഭരണഘടനാ വിരുദ്ധവും ന്യൂനപക്ഷ വിരുദ്ധവുമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുക എന്ന ന്യൂനപക്ഷങ്ങളുടെ ഭരണഘടനാപരമായ അവകാശമാണ് ഈ ബില്ലിലൂടെ നഷ്ടമായിരിക്കുന്നത്. ന്യൂനപക്ഷ പദവിക്ക് ഒരു മാനദണ്ഡം നിശ്ചയിച്ചുകൊണ്ട് ഈ സഭയിൽ ചർച്ച നടത്തി അവരുടെ ആശങ്ക അകറ്റുന്നതിനാവശ്യമായ നിയമ

നിർമ്മാണം നടത്തണം. ഭൂരിപക്ഷ സമുദായങ്ങൾക്ക് കുറേക്കൂടി വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചുകൊണ്ട് ന്യൂനപക്ഷ സമുദായത്തിന്റെ അസന്തുലിതാവസ്ഥ പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ.ബാബുപോൾ:</u> ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ 5 വർഷം കേരളം ഭരിച്ച ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ഖജനാവിലെ പണം ധൂർത്തടിച്ചതുപോലെ ഈ സർക്കാരിന്റെ കാലയളവിൽ ധൂർത്തടിക്കില്ല എന്ന് ഉറപ്പുള്ളതുകൊണ്ടാണ് ഈ ധനവിനിയോഗ ബില്ലിനെ പിന്താങ്ങുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ പിടിപ്പുകേടുമൂലം സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് ഗവൺമെന്റ് നീങ്ങുകയാണ്. എന്നാൽ ബഡ്ജറ്റിലൂടെയും ധനവിനിയോഗ ബില്ലിലൂടെയും ഈ സർക്കാർ സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന പാവപ്പെട്ട ജനവിഭാഗങ്ങളുടെ താല്പര്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനായി പണം ചെലവഴിക്കുന്നതിൽ യാതൊരു തെറ്റുമില്ല. പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും കാർഷിക മേഖല പുഷ്ടിപ്പെടുത്തുവാനും ഈ സർക്കാരിന് കഴിയും. കഴിഞ്ഞ 5 വർഷക്കാലം തൊഴിലില്ലായ്മ വർദ്ധിച്ചു എന്നത് യാഥാർത്ഥ്യമാണ്. 75,000-ത്തോളം തസ്തികകളാണ് ഈ കാലയളവിൽ നിർത്തലാക്കിയത്. ഏതാണ്ട് 1,400-ൽപ്പരം ചെറുകിട വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയതുമൂലം 10 ലക്ഷംപേർ തൊഴിൽരഹിതരായി. പൊതുമേഖലാസ്ഥാപനങ്ങളെ തകർക്കുന്ന സമീപനമാണ് കഴിഞ്ഞ സർക്കാർ സ്വീകരിച്ചതെങ്കിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ പൊതുമേഖലാസ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി 40 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഇത് പുതിയ തൊഴിൽ

സാധ്യത വർദ്ധിപ്പിക്കുമെന്നതിൽ തർക്കമില്ല. കൈത്തറിമേഖലയ്ക്ക് അനുവദിക്കേണ്ട റിബേറ്റ് നൽകാതിരുന്നതിനാൽ സഹകരണ സംഘങ്ങൾ ഉല്പാദിപ്പിച്ച കൈത്തറി സാധനങ്ങൾ കെട്ടിക്കിടക്കുകയാണ്. ഈ ഗവൺമെന്റ് പരമ്പരാഗത വ്യവസായങ്ങൾക്ക് ആവശ്യമുള്ള പണം ചെലവഴിച്ച് പാവപ്പെട്ട ജനങ്ങൾക്ക് ആശ്വാസം നൽകുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ലക്ഷംവീടുകൾ നവീകരിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുമെന്ന പ്രഖ്യാപനം പാവപ്പെട്ട ജനങ്ങളോടുള്ള ഈ ഗവൺമെന്റിന്റെ പ്രതിബദ്ധതയെയാണ് സൂചിപ്പിക്കുന്നത്. നികുതികൾ പിരിച്ചെടുത്ത് വികസനപ്രവർത്തനങ്ങൾക്ക് യഥാസമയം വിനിയോഗിക്കുന്നതിന് കർക്കശമായ നിലപാട് ധനകാര്യവകുപ്പ് സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം സംബന്ധിച്ച് പരസ്പര വിരുദ്ധമായ പ്രതികരണമാണ് പ്രതിപക്ഷത്തുനിന്നും ഉയർന്നുവന്നത്.

<u>ശ്രീ.ജോസഫ് എം. പുതുശ്ശേരി:</u> ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ബഡ്ജറ്റിനെത്തുടർന്ന് ധനം വിനിയോഗിക്കുന്നതിന് അനുമതികൊടുക്കുന്ന അവസരത്തിൽ മുൻഗണനാക്രമത്തിൽ കാര്യങ്ങൾ ചെയ്യാൻ കഴിയണം. അടിസ്ഥാനമേഖലയായ കൃഷിക്കും മറ്റ് മേഖലകൾക്കും മുൻഗണന നിശ്ചയിക്കാൻ കഴിയണം. വരുമാനത്തിന്റെ 92 ശതമാനം ശമ്പളത്തിനും ക്ഷേമപെൻഷനുകൾക്കും പലിശയ്ക്കും മറ്റുമായി അടയ്ക്കേണ്ടിവരുന്നതിനാൽ സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കാൻ തുക കണ്ടെത്തേണ്ടിയിരിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സഹായത്തോടെ കൂടുതൽ ഇൻവെസ്റ്റ്മെന്റ് ഇക്കാര്യത്തിൽ ഉണ്ടാക്കാൻ ഭാവനാപൂർണ്ണമായ പദ്ധതികൾ വേണം. റബ്ബറിന് വിലത്തകർച്ച ഉണ്ടായാൽ പുന:പരിശോധന ഉണ്ടാകാത്ത

സാഹചര്യത്തിൽ സെസ്സ് പിരിക്കുന്ന നടപടി ഉപേക്ഷിക്കണം. പ്രളയബാധിത പ്രദേശങ്ങളിൽ സൗജന്യ റേഷൻ കൊടുക്കുമെന്ന് പ്രഖ്യാപിച്ചെങ്കിലും ഉത്തരവിറക്കുന്നതിലെ കാലതാമസംമൂലം അതിന് കഴിഞ്ഞിട്ടില്ല. ഇത്തരം അപാകതകൾ പരിഹരിക്കണം. വൈദ്യസഹായത്തിനും പൊതുജനാ രോഗ്യത്തിനും തുക നീക്കിവച്ചത് സ്വാഗതാർഹമാണ്. മാതൃകാ ആശുപത്രിയുടെ കാര്യത്തിൽ പുനരാലോചന ഉണ്ടാകേണ്ടത് ആവശ്യമാണ്. റേഡിയേഷന് വിധേയരാകുന്ന ക്യാൻസർ രോഗികളും മുലയൂട്ടുന്ന അമ്മമാരും നിർബന്ധമായും കഴിക്കേണ്ടിവരുന്ന പ്രോട്ടീൻ മരുന്നുകളുടെ നികുതി വർദ്ധനവ് ഒഴിവാക്കണം.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലി ക്കുന്നു. ലഭ്യമായ സ്രോതസ്സുകൊണ്ട് ഭംഗിയായ വിനിയോഗമാണ് ഗവൺമെന്റ് ഉദ്ദേശിച്ചിരിക്കുന്നത്. വരുംകാലത്തേയ്ക്കുള്ള ദീർഘ വീക്ഷണത്തോടെയുള്ള സമീപനമാണ് ഇതിന്റെ ലക്ഷ്യം. ബാംബൂ കോർപ്പറേഷനിലെ തൊഴിലാളികൾക്കുവേണ്ടി 2 കോടി രൂപ നീക്കിവച്ച ഈ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. കെ.എസ്.ആർ.ടി.സി.യുടെ ശോച്യാവസ്ഥ പരിഹരിക്കണം. നീതിന്യായനിർവ്വഹണത്തിന് ആവശ്യമായ തുക കണ്ടെത്തണം. കോടതികളുടെ എണ്ണം കൂട്ടുന്നതോടൊപ്പം നിലവിലുള്ളവയുടെ സൗകര്യം മെച്ചപ്പെടുത്തണം.

<u>ശ്രീ. വി. സുരേന്ദ്രൻ പിള്ള</u>: ധനവിനിയോഗ ബില്ലിനെ അനുകൂലി ക്കുന്നു. ദീർഘവീക്ഷണമുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. അവശത അനുഭവിക്കുന്നവരുടേയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടേയും താല്പര്യത്തിന് മുൻതൂക്കം കൊടുക്കുന്ന ഈ സർക്കാർ അവരുടെ ഉന്നതിക്കുവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നുണ്ട്.

റവന്യൂകമ്മി കുറച്ച് വികസന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി പൊതുമേഖലയെ ശക്തിപ്പെടുത്താനും 203 കോടി രൂപയുടെ അധിക വിഭവ സമാഹരണം നടത്താനും ബഡ്ജറ്റിലൂടെ ശ്രമിക്കുന്നുണ്ട്.

ശ്രീ.എ.പ്രദീപ്കുമാർ : ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ബഡ്ജറ്റിന്റെ പ്രധാനപ്പെട്ട ഭാഗം വരവും ചെലവുമാണ്. ചെലവിനെ ഏറ്റവും കൃത്യമായി വിലയിരുത്തി കരുതലോടെ വിനിയോഗിക്കുക എന്നുള്ള ശാസ്ത്രീയമായ രീതി അവംലംബിക്കുകയാണ് ധനകാര്യ വകുപ്പുമന്ത്രി ചെയ്തിട്ടുള്ളത്. സാമ്പത്തിക അച്ചടക്കത്തിന്റെ പ്രശ്നം വരുന്നതിനാൽ ബഡ്ജറ്റിൽ പ്രതീക്ഷിക്കുന്ന വരവ് പിരിച്ചെടുക്കുക എന്നുള്ളത് പ്രധാന കാര്യമാണ്. കഴിഞ്ഞ 5 വർഷമായി യു.ഡി.എഫ്. സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിനേക്കാൾ വ്യത്യസ്തമാണ് ഈ ബഡ്ജറ്റ്. അവർ ലോകബാങ്കിന്റേയും ഐ.എം.എഫ്-ന്റേയും മാർഗ്ഗ നിർദ്ദേശങ്ങളെ ആശ്രയിച്ചതിന്റെ ദുരന്തമാണ് നാം അനുഭവിക്കുന്നത്. ധനക്കമ്മി കുറയ്ക്കുന്നതിന് റവന്യൂച്ചെലവും മൂലധനച്ചെലവും കുറയ്ക്കുക എന്ന പോളിസിയാണ് ലോകബാങ്ക് മുന്നോട്ടുവച്ചത്. ഈ പോളിസി യു.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയതിന്റെ ഭാഗമായാണ് പദ്ധതിയടങ്കൽ 4 തവണ വെട്ടിക്കുറയ്ക്കേണ്ടിവന്നത്. എന്നാൽ റവന്യൂ വരുമാനം വർദ്ധിപ്പിച്ചുകൊണ്ട് കമ്മി കുറയ്ക്കാനാണ് ഈ സർക്കാർ ബഡ്ജറ്റിലൂടെ ശ്രമിക്കുന്നത്. മാത്രമല്ല മൂലധന നിക്ഷേപം നടത്താതെ സേവന മേഖലകളിൽനിന്ന് പിന്മാറുന്ന ഒരു സമീപനം നിലനിന്നിരുന്നു. അതിൽനിന്നും വ്യത്യസ്തമായ രീതിയിലാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. ലോകബാങ്കിന്റെ കാഴ്ചപ്പാടിലൂടെ യുള്ള സാമ്പത്തിക സമീപനങ്ങളാണ് മുൻകാല ധനകാര്യ വകുപ്പുമന്ത്രിമാർ ഇവിടെ മുമ്പ് നടപ്പിലാക്കിയിരുന്നത്. ഇതുമൂലം മിക്കവാറും എല്ലാ

വ്യവസായ മേഖലയും കാർഷിക മേഖലയും തകരുകയും തൊഴിലവസരങ്ങൾ ഇല്ലാതാവുകയും ചെയ്തു. എൽ.ഡി.ഫ്.-ന്റെ കാലത്ത് ഐ.ടി. പോളിസി ഉണ്ടായതൊഴിച്ചാൽ യു.ഡി.എഫ്.-ന്റെ കാലത്ത് ഈ രംഗത്ത് യാതൊരു പുതിയ സംരംഭങ്ങളും ഉണ്ടായില്ല. ഐ.ടി.മേഖലയിൽ പുതിയ നിക്ഷേപവുമായി വന്ന 33-ഓളം കംപനികൾ ഏതാണ്ട് ഒന്നര വർഷത്തോളം കാത്തിരുന്നിട്ടും അനുമതി കൊടുക്കാൻ യു.ഡി.എഫ്. ഗവൺമെന്റ് തയ്യാറായില്ല. സംസ്ഥാനത്തെ ഐ.ടി. മേഖല ഉൾപ്പെടെയുള്ള സമസ്ത മേഖലകളുടെയും വികസനം ലക്ഷ്യമാക്കിക്കൊണ്ട് ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്ക് ധനം വിനിയോഗിക്കാനാണ് ഈ ബിൽ കൊണ്ട് ഉദ്ദേശിക്കുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ബഡ്ജറ്റ്, ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ എന്നിവയുടെ ചർച്ചാവേളയിൽ നിർദ്ദേശങ്ങളും ക്രിയാത്മകമായ വിമർശനങ്ങളും മുന്നോട്ടുവച്ച എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. അധികാര വികേന്ദ്രീകരണമെന്നത് പഞ്ചായത്തുകളിൽ മാത്രം ഒതുങ്ങുന്നില്ല. മറിച്ച് കൃഷി പരമ്പരാഗത വ്യവസായങ്ങൾ മറ്റ് സേവന മേഖലകൾ ഇവയിലെല്ലാം വരുന്ന അടിസ്ഥാനപരമായ ഒരു ഭരണ സംവിധാനമാണത്. ധനകാര്യ കമ്മീഷൻ തീരുമാനിച്ച തുകയ്ക്കു പുറമെ എക്സ്ട്രാ ബഡ്ജറ്ററി റിസോഴ്സസിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തുക ലഭ്യമാക്കുന്നതാണ്. ഹെൽത്ത് ഡ്രിംഗ്സിന്റെ രൂപത്തിലുള്ള പ്രോട്ടീൻ മരുന്നുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള നികുതി ഈടാക്കരുതെന്ന നിർദ്ദേശം സബ്ജക്റ്റ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് ഉചിതമായ തീരുമാനമെടുക്കാവുന്നതാണ്. സംസ്ഥാനത്ത് രണ്ട് മൂന്ന് വർഷത്തേയ്ക്ക് കർശന സാമ്പത്തിക അച്ചടക്കം നടപ്പാക്കേണ്ടിവരും.

പക്ഷേ ബില്ലിലൂടെ അംഗീകാരം ലഭിച്ച ചെലവുകൾക്ക് ധനകാര്യ വകുപ്പ് ഒരു തടസ്സവും ഉണ്ടാക്കുകയില്ല. ധനകാര്യബില്ലിനു പുറത്ത് ഒറ്റനവധി ചെലവുകൾ ഉയർന്നുവരും എന്നുള്ളതാണ് ഒരു പ്രതിസന്ധി. അങ്ങനെ വരുന്ന പല ചെലവുകളും ഒഴിവാക്കാൻ സാധിക്കാത്തവയുമായിരിക്കും. ആ സന്ദർഭത്തിൽ ബഡ്ജറ്റിനകത്തുള്ള ചെലവുകൾ മാറ്റിവയ്ക്കേണ്ടിവരും. അടയ്ക്ക കൃഷിക്ക് സഹകരണ മേഖലയിൽ ഒരു മാർക്കറ്റിംഗ് സംവിധാനം ഉണ്ടാക്കുന്നതിനെക്കുറിച്ച് സഹകരണ വകുപ്പു മന്ത്രിയുമായി ആലോചിച്ച് അനുകൂലമായ നിലപാടെടുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

2006-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് 2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ പരിഗണനയ്ക്കെടുക്കുകയും ചെയ്തു.

<u>രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും</u>

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ.തോമസ് ഐസക്)</u>: 2006-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് 2-ാം നമ്പർ) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം. വിജയകുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

2006-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് 2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം 26-നെതിരെ 82 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

അവകാശ ലംഘനപ്രശ്നം

മി. സ്പീക്കർ: സംസ്ഥാനത്തെ ആറ് ന്യൂനപക്ഷ പ്രൊഫഷണൽ കോളേജുകൾക്ക് ന്യൂനപക്ഷ പദവി നൽകുന്ന തീരുമാനം സംബന്ധിച്ച് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സഭയെ തെറ്റിദ്ധരിപ്പിച്ചുവെന്നും അംഗങ്ങളുടെ അവകാശ അധികാരങ്ങളെ ലംഘിച്ചുവെന്നും കാണിച്ച് ശ്രീ. ടി.എൻ. പ്രതാപൻ നൽകിയ അവകാശലംഘന നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്.അച്ചുതാനന്ദൻ): സഭ മുമ്പാകെ തൽക്കാലം മറ്റു ബിസ്സിനസ്സുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: പന്ത്രണ്ടാം കേരളനിയമസഭയുടെ ഒന്നാം സമ്മേളനം ഇന്ന് പൂർത്തീകരിക്കുകയാണ്. സഭയുടെ ഒന്നാം സമ്മേളനം ഏറെ പുതുമകൾ നിറഞ്ഞതായിരുന്നു. ഏതാണ്ട് പകുതിയോളം അംഗങ്ങളും ആദ്യമായി സഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട് വന്നവരാണെങ്കിലും സഭയുടെ അന്തസ്സും അഭിമാനവും ജനങ്ങളോടുള്ള പ്രതിബദ്ധതയും ഉയർത്തിപ്പിടിക്കു

ന്നതിൽ അനുഭവസമ്പത്തുള്ള മുതിർന്ന അംഗങ്ങളോടൊപ്പം സഭയിലെ പുതു മുഖങ്ങൾക്ക് ഉയരാൻ കഴിഞ്ഞു എന്നത് രാഷ്ട്രീയകേരളത്തിന്റെ ഭാവി ഭാഗ ധേയം ശോഭനമാണെന്ന് ഈ സമ്മേളനം സാക്ഷ്യപ്പെടുത്തുന്നു. ബഹുമാന പ്പെട്ട കേരള ഗവർണ്ണറുടെ ഉൾകാഴ്ചയുള്ള നയപ്രഖ്യാപനപ്രസംഗത്തോടെ യാണ് ഈ സമ്മേളനം ആരംഭിച്ചത്. തുടർന്നുള്ള ചർച്ചകളും നിർദ്ദേശങ്ങളും സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിച്ചവയായിരുന്നു. ഒന്നാം സമ്മേളനം അവ സാനിക്കുമ്പോൾ ഏതാണ്ട് എല്ലാ അംഗങ്ങൾക്കും സഭയിൽ പ്രശ്നങ്ങൾ ഉന്നയിക്കാൻ കഴിയത്തക്ക തരത്തിൽ 18 ശ്രദ്ധക്ഷണിക്കൽ പ്രമേയങ്ങളും 158 സബ്മിഷനുകളും അവതരിപ്പിക്കുകയുണ്ടായി. കേരള നിയമസഭാചരിത്ര ത്തിലെ ഏറെ പ്രാധാന്യമർഹിക്കുന്ന ഒരു നിയമനിർമ്മാണവും ഈ സമ്മേളനത്തിൽ പൂർത്തീകരിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ പ്രൊഫഷ ണൽ വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന ബിൽ സജീവമായ ചർച്ചയ്ക്കും പരിശോധനയ്ക്കുംശേഷം ഐകകണ്ഠ്യേന പാസ്സാക്കുകയുണ്ടായി. ഒന്നാം സമ്മേളനം വിജയകരമായി പൂർത്തീകരിക്കു ന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട മറ്റ് കക്ഷി നേതാക്കന്മാർ, ബഹുമാ നപ്പെട്ട അംഗങ്ങൾ തുടങ്ങിയവരുടെ നിർലോഭമായ പിന്തുണയും സഹകര ണവും ചെയറിന് ഉണ്ടായിട്ടുണ്ട്. അതോടൊപ്പംതന്നെ സഭയുടെ പരിഗണന യിൽ വരുന്ന കാര്യങ്ങൾ ജനമദ്ധ്യത്തിൽ കൊണ്ടുവരുന്നതിന് പ്രവർത്തിച്ച പത്രമാധ്യമ പ്രവർത്തകരും നിയമസഭാ ജീവനക്കാരും ഈ സഭയുടെ പ്രവർത്തനങ്ങൾക്ക് വലിയ സംഭാവന നൽകിയിട്ടുണ്ട്. എല്ലാപേരുടെയും സഹകരണത്തിനും പിന്തുണയ്ക്കും ചെയർ ഒരിക്കൽക്കൂടി നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.

(സഭ ഉച്ചയ്ക്കു ശേഷം 12.30-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)